# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി XIII

## (SUBJECT COMMITTEE XIII)

### സാമൂഹ്യസേവനം

(SOCIAL SERVICES)

## ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235 (1) (iii) ചട്ടപ്രകാരമുള്ളത്

[Under Rule 235 (1) (iii) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂലൈ 10-ാംതീയതി സമർപ്പിച്ചത്
(Presented on 10th July, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

**ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235 (1) (iii) ചട്ടപ്രകാരമുള്ളത്

[Under Rule 235 (1) (iii) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

940/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി XIII
# (സാമൂഹ്യസേവനം)
# (2013-2016)

**ഘടന**

<u>ചെയർമാൻ</u> :

ഡോ. എം. കെ. മുനീർ ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. എ. പി. അനിൽ കുമാർ ,
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. കെ. എൻ . എ. ഖാദർ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. ആർ . രാജേഷ്

ശ്രീമതി കെ. എസ്. സലീഖ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ , അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

ഓരോ കുട്ടിയും ദേശത്തിന്റെ അമൂല്യസമ്പത്താണ്. ദേശത്തിന്റെ ഭാവിയും ശക്തിയും കുട്ടികളെ ആശ്രയിച്ചിരിക്കുന്നു. ലോകത്ത് ഒരിടത്തും അനാഥ ബാല്യങ്ങൾ ഉണ്ടാകരുത് എന്നത് സമൂഹത്തിന്റെ പൊതുവായ താല്പര്യമാണ്. മാതാപിതാക്കളുടെ സ്നേഹവും ലാളനയും പരിരക്ഷയും ലഭിച്ച് വേണം കുഞ്ഞുങ്ങൾ വളരേണ്ടത്. ഓരോ കുട്ടിയും തന്നാലാകാവുന്നത്ര ഉന്നതി കൈവരിക്കുമ്പോഴാണ് രാഷ്ട്രം പുരോഗമിക്കുക. രാജ്യത്തിന്റെ വികസനത്തിന് ശക്തിസ്രോതസ്സാകേണ്ട കുട്ടി പരിചരണം, സുരക്ഷിതത്വം, മാർഗ്ഗോപദേശം എന്നിവയുടെ അഭാവംമൂലം അനുചിത മാർഗ്ഗങ്ങളിലൂ ടെ ദുരിതങ്ങളിലേക്ക് എത്തു ന്നത് രാഷ്ട്രത്തിന്റെ പൊതുവായ നഷ്ടമാണ്.

തങ്ങ ളുടേ തല്ലാത്ത കാരണങ്ങളാൽ ഒറ്റപ്പെട്ടു പോകുന്നവര്, സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളാലും സമൂഹത്തിന്റെ ദുഷ്ചെയ്തികളാലും കുറ്റവാളികളാകപ്പെട്ടവര്, പീഡനങ്ങൾക്കോ ദുരുപയോഗത്തിനോ ഇരകളായി അശരണരും നിരാലംബരുമായിപ്പോകുന്നവർ എന്നിങ്ങനെയുള്ള അവസ്ഥകളാൽ ദുരിതമനുഭവിക്കുന്ന കുട്ടികളെയും അവരുടെ അവകാശങ്ങളെയും സംരക്ഷിക്കുക എന്നത് ഏതൊരു സർക്കാരിന്റെയും പരമ പ്രധാനമായ ചുമതലകളിൽ ഒന്നാണ്. കുട്ടികളുടെ ആരോഗ്യപരമായ വളർച്ചയ്ക്കും വ്യക്തിത്വവികാസത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുക എന്നത് സാമൂഹിക വികസനത്തിന്റെ അടിസ്ഥാന ഘടകമാണ്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ നിലവിലുള്ള അസൗകര്യങ്ങൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അടിയന്തിര ശ്രദ്ധ അർഹിക്കുന്ന വിഷയമാണെന്ന് സമിതി നിരീക്ഷിക്കുകയും വകുപ്പിന്റെ നിയന്ത്രണത്തില്, ബാലനീതി നിയമ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിനും സമിതിയുടെ 2013 ആഗസ്റ്റ് മാസം 21-ാം തീയതിയിലെ യോഗം തീരുമാനിക്കുകയുണ്ടായി . അതനുസരിച്ച് സമിതി, 2013 നവംബർ മാസം 15-ാം തീയതി കോഴിക്കോട് വെള്ളിമാട് കുന്നിലെ സാമൂഹ്യനീതി സമുച്ചയം, 2014 ഏപ്രിൽ മാസം 29-ാം തീയതി എറണാകുളം ജില്ലയിലെ കാക്കനാട് ജുവനൈൽ ഹോം എന്നിവ സന്ദർശിച്ചു .

സമിതിയുടെ സന്ദർശനങ്ങളിലെ നിരീക്ഷണങ്ങളുടെയും യോഗങ്ങളിലെ ചർച്ച കളുടെയും വകുപ്പ് ലഭ്യമാക്കിയ രേഖകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. എം. കെ. മുനീർ ,

*ചെയർമാൻ ,*

*വിഷയനിർണ്ണയ സമിതി XIII.*

തിരുവനന്തപുരം,

2014 ജൂലൈ 1.

# റിപ്പോർട്ട്

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുള്ള പ്രധാന നാഴികക്കല്ലായിരുന്നു ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 1989-ൽ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടി. ഈ ഉടമ്പടി അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ മൗലിക അവകാശങ്ങൾ കുട്ടികൾക്ക് ഉറപ്പാക്കുന്നു. 1992-ൽ കുട്ടികളുടെ അവകാശ ഉടമ്പടി ഇന്ത്യ അംഗീകരിച്ചത് കുട്ടികളോടുള്ള രാജ്യത്തിന്റെ പ്രതിബദ്ധത വെളിപ്പെടുത്തുന്നതായിരുന്നു. പ്രസ്തുത ഉടമ്പടി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയിട്ടുള്ള നിയമമാണ് 2000-ലെ ബാലനീതി (കുട്ടികളുടെ പരിപാലനവും പരിരക്ഷയും) നിയമം. 1960-ൽ രൂപം നൽകിയ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ ആക്ട്) നിയമത്തിന്റെയും 1989-ലെ കുട്ടികളുടെ അവകാശ ഉടമ്പടിയുടെയും 2000-ലെ ജുവനൈൽ ജസ്റ്റിസ് നിയമത്തിന്റെയും [Juvenile Justice (Care and Protection of Children) Act, 2000] പശ്ചാത്തലത്തിൽ നിലവിൽവന്ന 2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ ബാലനീതി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

18 വയസ്സ് പൂർത്തിയായിട്ടില്ലാത്ത ഏതൊരാളെയും 'കുട്ടി' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളേയും അവരുടെ അവകാശങ്ങളേയും സംരക്ഷിക്കുക എന്നത് ഏതൊരു രാഷ്ട്രത്തിന്റെയും പരമപ്രധാനമായ ചുമതലകളിൽ ഒന്നാണ്. കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം എന്ന മഹത്തായ ആശയം സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആഗോളതലത്തിൽ നടന്നുവരുന്നു. രാജ്യത്തിന്റെ അമൂല്യസമ്പത്തും ഭാവിയുടെ വാഗ്ദാനങ്ങളുമായ കുട്ടികൾക്കായി മുതൽമുടക്കുക എന്നതിനർത്ഥം നമ്മുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും മെച്ചപ്പെട്ട ഭാവി രൂപപ്പെടുത്തുക എന്നതാണ്. കുട്ടികളുടെ ആരോഗ്യപരമായ വളർച്ചയ്ക്കും വികാസത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുക എന്നത് സാമൂഹിക വികസനത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ ഒന്നാണ്. ഈ മേഖലയിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്ക പല നേട്ടങ്ങളും കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞെങ്കിലും ഇതിന്റെ പ്രയോജനം മുഴുവൻ കുട്ടികൾക്കും ഒരുപോലെ ലഭ്യമാക്കുവാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം തുടങ്ങിയവ ഉറപ്പാക്കി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്.

വിവിധതരത്തിലുള്ള ശിശുസംരക്ഷണ നിയമങ്ങളും ഉടമ്പടികളും നിലനിൽക്കുമ്പോഴും കുട്ടികൾ പ്രത്യക്ഷമായും പരോക്ഷമായും പലവിധത്തിലുള്ള

പീഢനങ്ങൾക്കും ദുരിതങ്ങൾക്കും ഇരയായിക്കൊണ്ടിരിക്കുന്നു.

കുട്ടികളുടെ സംരക്ഷണത്തിനായി ഇതുവരെ ഉണ്ടായിരുന്ന നിയമങ്ങളെ ക്രോഡീകരിച്ചും നവീന അന്താരാഷ്ട്ര നിയമങ്ങളെ ഉൾക്കൊള്ളിച്ചും കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് നമ്മുടെ രാജ്യം രൂപപ്പെടുത്തിയ നിയമമാണ് ബാലനീതി നിയമം. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട് :

1. പ്രത്യേക പരിചരണവും സുരക്ഷയും ആവശ്യമുള്ള കുട്ടികൾ

   (Child in need of Care and Protection)

2. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ

   (Child in Conflict with Law)

അവഗണനയ്ക്കും ദുരുപയോഗത്തിനും ചൂഷണത്തിനും അക്രമത്തിനും വിധേയരാകുന്നവരും അനാഥത്വത്തിലും അശരണത്വത്തിലും ആയ കുട്ടികൾ പ്രത്യേക പരിരക്ഷ അർഹിക്കുന്നു. ഇവരിൽ :

- സ്വന്തമായി വീടോ കുടുംബമോ ഇല്ലാത്ത കുട്ടികൾ
- കൊല്ലുമെന്നോ അപായപ്പെടുത്തുമെന്നോ ഭീഷണിപ്പെടുത്തുന്ന ഒരാളോടൊപ്പം താമസിക്കുന്ന കുട്ടികൾ
- ആരും സംരക്ഷണത്തിനില്ലാത്തതും ചികിത്സിച്ച് ഭേദമാക്കാനാവാത്ത മാനസികമോ ശാരീരികമോ ആയ രോഗമുള്ളതുമായ കുട്ടികൾ
- സംരക്ഷിക്കാനോ നിയന്ത്രിക്കാനോ കഴിവില്ലാത്ത മാതാപിതാക്കളുടെ കുട്ടികൾ
- രക്ഷകർത്താക്കളില്ലാത്ത കുട്ടികൾ
- മാതാപിതാക്കൾ ഉപേക്ഷിച്ച് പോയ കുട്ടികൾ
- ചൂഷണത്തിനും പീഢനത്തിനും വിധേയമാകാവുന്ന സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികൾ
- ലൈംഗിക ചൂഷണത്തിനോ മയക്കുമരുന്ന് ഉപയോഗത്തിനോ ഇരയാകാവുന്ന സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികൾ
- പ്രകൃതിദുരന്തം, യുദ്ധം എന്നിവയ്ക്കിരയായ കുട്ടികൾ

എന്നിവർ ഉൾപ്പെടുന്നു.

പ്രത്യേക പരിഗണന ആവശ്യമായ ഈ വിഭാഗം കുട്ടികൾക്ക് മതിയായ സുരക്ഷിതത്വം ഉറപ്പാക്കുകയും പ്രത്യേക പരിഗണന നൽകുകയും ചെയ്യണമെന്ന് ബാലനീതി നിയമം അനുശാസിക്കുന്നു.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളിൽ :

- ചേരികളിലും ഒറ്റമുറി വീടുകളിലും താമസിക്കുന്നവർ
- കുടുംബത്തകർച്ച നേരിടുന്നവർ
- വ്യക്തിത്വ പ്രശ്നങ്ങൾ ഉള്ളവർ
- സാമൂഹിക അംഗീകാരമില്ലാത്ത ജീവിതരീതി നയിക്കേണ്ടിവരുന്ന സാഹചര്യം ഉള്ളവർ
- പഠന വൈകല്യങ്ങളുള്ളവർ
- വാസസ്ഥലമില്ലാത്ത അന്യദേശക്കാരുടെ കുട്ടികൾ

എന്നിവർ ഉൾപ്പെടുന്നു.

ആക്രമണത്തിന് വിധേയരാകാവുന്ന സാഹചര്യം നിലനിൽക്കുന്ന വിഭാഗം എന്ന നിലയിൽ ഇത്തരം കുട്ടികൾക്ക് പ്രത്യേക പരിചരണവും സുരക്ഷയും ഉറപ്പാക്കേണ്ടതുണ്ട്.

പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികൾക്ക് സമൂഹത്തിൽ പലവിധ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു. ഈ കുട്ടികൾ ചെറുപ്രായത്തിൽ തന്നെ അവഹേളനവും അവഗണനയും നേരിടുകയും ദുരുപയോഗം, പീഡനം എന്നിവയ്ക്ക് ഇരയാവുകയും ചെയ്യുന്നു. ഇത്തരം സാഹചര്യം അവരെ കുറ്റവാസനകളിലേക്കും സാമൂഹ്യവിരുദ്ധ സ്വഭാവങ്ങളിലേക്കും നയിക്കുകയും അവർക്ക് വിദ്യാഭ്യാസം, ആരോഗ്യം എന്നീ പ്രാഥമിക അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

പീഢനങ്ങൾക്കിരയാവുകയോ മറ്റ് തരത്തിലുള്ള അബദ്ധങ്ങളിൽപ്പെട്ടുപോകുകയോ ചെയ്യുന്ന കുട്ടികൾക്ക് മാത്രം സംരക്ഷണം നൽകുന്നതിന് പകരം പ്രതിരോധത്തിനും സംരക്ഷണത്തിനും ഒരുപോലെ ഊന്നൽ നൽകുന്ന സമഗ്രസമീപനമായിരിക്കണം സ്വീകരിക്കേണ്ടത്. യാതൊരു വിവേചനവും കൂടാതെ ഓരോ കുട്ടിയുടെയും പ്രശ്നപരിഹാരത്തിന് ഊന്നൽ നൽകിക്കൊണ്ട് സേവനങ്ങൾ പ്രദാനം ചെയ്യുന്ന സമഗ്ര വികസന നയസമീപനമായിരിക്കണം സ്വീകരിക്കേണ്ടത്.

ബാലനീതി നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിന് കീഴിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു :

1. **ചൈൽഡ് വെൽഫെയർ കമ്മിറ്റി (ശിശുക്ഷേമ സമിതി)**

പരിപാലനവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ പു നരധിവാസം സംബന്ധിച്ച് ആവശ്യമായ അന്വേഷണം പ്രൊബേഷൻ ഓഫീസർ വഴി നടത്തി തീരുമാനം എടുക്കുവാൻ അധികാരപ്പെട്ട ഈ സമിതി ഓരോ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. ചെയർമാനും നാല്

അംഗങ്ങളുമുള്ള സമിതിയിൽ ഒരു വനിതാ അംഗവും ഉൾപ്പെടുന്നു. അംഗങ്ങൾക്ക് ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ പദവിയുണ്ട്. ശിശുക്ഷേമ സമിതിയുടെ തീരുമാനപ്രകാരം ആരും നോക്കാനില്ലാത്ത കുട്ടികളെ ചിൽഡ്രൻസ് ഹോമുകളിലേക്കും മറ്റ് കുട്ടികളെ രക്ഷിതാക്കൾക്ക് ഒപ്പവും അയയ്ക്കുന്നു.

## 2. ജുവനൈൽ ജസ്റ്റിസ് ബോർഡ്

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുടെ പുനരധിവാസത്തിന് ആവശ്യമായ അന്വേഷണം നടത്തി തീരുമാനം എടുക്കുന്നത് ജുവനൈൽ ജസ്റ്റിസ് ബോർഡാണ് . ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആഴ്ചയിൽ ഒരു ദിവസം ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ആയി പ്രവർത്തിക്കുന്നു . ഒരു വനിത ഉൾപ്പെടെ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന രണ്ട് അംഗങ്ങളും ബോർഡിൽ ഉണ്ടായിരിക്കും. ഇവർ ഒരു കുടുംബാന്തരീക്ഷം സൃഷ്ടിച്ച് കേസ് നടത്തുന്നു. മറ്റൊരു തരത്തിലും നിയന്ത്രിക്കാനാകാത്ത കുട്ടികളെ മൂന്ന് വർഷം വരെ സ്പെഷ്യൽ ഹോമിൽ പാർപ്പിച്ച് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകിവരുന്നു.

## 3. ബാലനീതി സ്ഥാപനങ്ങൾ

(i) <u>ഒബ്സർവേഷൻ ഹോം</u>

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളെ സംബന്ധിക്കുന്ന കേസിന്റെ അന്വേഷണ കാലയളവില്, അവരെ ജാമ്യത്തിലെടുക്കാൻ മറ്റാരും ഇല്ലെങ്കിൽ താമസിപ്പിക്കുവാനുള്ള സ്ഥാപനം ആണ് ഒബ്സർവേഷൻ ഹോം. നാല് മാസത്തിനകം ജാമ്യത്തിലെടുക്കാൻ ആരും തയ്യാറായില്ലെങ്കിൽ രണ്ട് മാസം കൂടി ഒബ്സർവേഷൻ ഹോമിൽ താമസിപ്പിക്കാവുന്നതാണ്. കേസന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് കുറ്റം ചെയ്തതായി തെളിയിക്കപ്പെട്ട കുട്ടികളെ സ്പെഷ്യൽ ഹോമിലേക്ക് മാറ്റുന്നതാണ് . കേരളത്തിൽ ഇടുക്കി ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും ഒബ്സർവേഷൻ ഹോമുകൾ ഉണ്ട്. എല്ലാ ഒബ്സർവേഷൻ ഹോമുകളിലുമായി 50-ഓളം കുട്ടികളെ താമസിപ്പിച്ചിരിക്കുന്നു.

**ഒബ്സർവേഷൻ ഹോമുകൾ**

**(i) ബോയ്സ്**

| *Sl. No.* | *District* | *Capacity* | *Strength* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Thiruvananthapuram | 25 | 6 |

| | | | |
|---|---|---|---|
| 2 | Kollam | 25 | 7 |
| 3 | Pathanamthitta | 25 | 1 |
| 4 | Alappuzha | 25 | 6 |
| (1) | (2) | (3) | (4) |
| 5 | Kottayam | 25 | 2 |
| 6 | Ernakulam | 25 | 4 |
| 7 | Thrissur | 25 | 1 |
| 8 | Palakkad | 5 | 2 |
| 9 | Malappuram | 5 | 1 |
| 10 | Kozhikode | 50 | 2 |
| 11 | Wayanad | 5 | .. |
| 12 | Kannur | 5 | 4 |
| 13 | Kasaragod | 25 | 5 |

**(ii) ഗേൾസ്**

| *Sl. No.* | *District* | *Capacity* | *Strength* |
|---|---|---|---|
| 1 | Kozhikode | 50 | .. |

(ii) <u>സ്പെഷ്യൽ ഹോം</u>

കുറ്റം ചെയ്തതായി തെളിയിക്കപ്പെട്ട കുട്ടികളെ പോലീസ് ലോക്കപ്പിലോ ജയിലിലോ

പാർപ്പിക്കാൻ ബാലനീതി നിയമം അനുവദിക്കുന്നില്ല. അവരെ പരമാവധി മൂന്ന് വർഷം വരെ താമസിപ്പിച്ച് പുനരധിവസിപ്പിക്കാവുന്ന സ്ഥാപനമാണ് സ്പെഷ്യൽ ഹോം . കേരളത്തിൽ ആൺകുട്ടികൾക്ക് തിരുവനന്തപുരത്തും പെൺകുട്ടികൾക്ക് കോഴിക്കോട്ടും ഓരോ സ്ഥാപനം പ്രവർത്തിക്കുന്നു. 8 ആൺകുട്ടികൾ ഹോമിലുണ്ടായിരുന്നുവെങ്കിലും നിലവിൽ ആരുമില്ല.

**സ്പെഷ്യൽ ഹോമുകൾ**

| *Sl. No.* | *District* | *Capacity* | *Strength* |
|---|---|---|---|
| 1 | Thiruvananthapuram | 100 | .. |
| 2 | Kozhikode | 100 | .. |

(iii) പ്ലെയ്സ് ഓഫ് സേഫ്റ്റി

ബാലനീതി സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടിയുടെ മാനസിക ശാരീരിക വളർച്ച അനുസരിച്ച് അവരുടെ പ്രവൃത്തികൾ മറ്റ് കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും ഹാനികരമായി ഭവിക്കുന്ന അവസ്ഥാവിശേഷം ഉണ്ടാകുന്ന അവസരങ്ങളിൽ മറ്റ് കുട്ടികളുടെ സുരക്ഷയെ കരുതി ഇത്തരം കുട്ടികളെ കൂടുതൽ സുരക്ഷാസൗകര്യങ്ങളുള്ള പ്ലെയ്സ് ഓഫ് സേഫ്റ്റിയിലേക്ക് മാറ്റിപാർപ്പിക്കുന്നു. തൃശ്ശൂർ ജില്ലയിലെ രാമപുരത്ത് ഒരു പ്ലെയ്സ് ഓഫ് സേഫ്റ്റി സ്ഥാപിച്ചിട്ടുണ്ട്.

(iv) ചിൽഡ്രൻസ് ഹോം (ബാലമന്ദിരം)

ബാലനീതി നിയമ പ്രകാരം പരിപാലനവും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾക്ക്ക്ക് 18 വയസ്സ് പൂർത്തിയാക്കുന്നതു വരെ താമസിക്കുന്നതിനും പഠിക്കുന്നതിനുമുള്ള സൗകര്യമുള്ള സ്ഥലമാണ് ചിൽഡ്രൻസ് ഹോം. കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂര്, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂര്, കാസറഗോഡ് എന്നിവിടങ്ങളിൽ ആൺകുട്ടികൾക്കും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പെൺകുട്ടികൾക്കും ചിൽഡ്രൻസ് ഹോമുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും 120 കുട്ടികളെ ഡിഇൻസ്റ്റിറ്റ്യൂഷൻ പദ്ധതി പ്രകാരം റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നു.

**ചിൽഡ്രൻസ് ഹോം (ബോയ്സ്)**

| *Sl. No.* | *District* | *Capacity* | *Strength* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Thiruvananthapuram | 50 | 72 |

| | | | |
|---|---|---|---|
| 2 | Kollam | 100 | 65 |
| 3 | Alappuzha | 50 | 22 |
| 4 | Kottayam | 200 | 30 |
| (1) | (2) | (3) | (4) |
| 5 | Kozhikode | 100 | 74 |
| 6 | Thrissur | 200 | 41 |
| 7 | Pathanamthitta | 25 | 4 |
| 8 | Palakkad | 20 | 3 |
| 9 | Malappuram | 20 | 28 |
| 10 | Wayanad | 20 | 19 |
| 11 | Kannur | 20 | 6 |
| 12 | Kasaragod | 20 | 15 |

**ചിൽഡ്രൻസ് ഹോം (ഗേൾസ്)**

| *Sl. No.* | *District* | *Capacity* | *Strength* |
|---|---|---|---|
| 1 | Ernakulam | 100 | 105 |
| 2 | Kozhikode | 100 | 151 |

(v) ആഫ്റ്റർ കെയർ ഹോം

ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം എന്നീ സ്ഥാപനങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയാക്കുന്നമുറയ്ക്ക് വിടുതൽ ചെയ്യപ്പെടുന്ന കുട്ടികൾക്ക് താമസിക്കാൻ വീടില്ലാത്ത അവസ്ഥയിൽ അവർക്ക് തുടർന്ന് താമസിക്കുന്നതിനുള്ള സ്ഥാപനമാണ് ആഫ്റ്റർ കെയർ ഹോം. കുട്ടികൾക്ക് 18 വയസ്സ് ആകുന്നതോടെ പ്ലംബിംഗ്, വീവിംഗ്, കാർപ്പെന്ററി തുടങ്ങിയ തൊഴിലുകളിൽ പരിശീലനം നൽകി അവരെ സ്വയംപര്യാപ്തരാക്കുന്നു. എന്നാൽ കുട്ടികൾ ആഫ്റ്റർ കെയർ ഹോമുകളിൽ എത്തിച്ചേരുന്നത് ഒഴിവാക്കുകയും ആഫ്റ്റർ കെയർ ഹോമുകൾ പൂർണ്ണമായി

നിർത്തലാക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ പൊതുവായ സമീപനം.

പെൺകുട്ടികൾക്ക് വേണ്ടി കൊല്ലത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലായി നിലവിൽ 100 കുട്ടികളും ആൺകുട്ടികൾക്ക് വേണ്ടി തലശ്ശേരിയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ 20 കുട്ടികളുമാണുള്ളത്.

(vi) ഹോം ഫോർ ചിൽഡ്രൻസ് വിത്ത് സ്പെഷ്യൽ നീഡ്സ്

പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികൾക്കായി 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി കോഴിക്കോട്ടും ഭിന്നശേഷിയുള്ള കുട്ടികൾക്കായി ആലപ്പുഴ, തലശ്ശേരി എന്നിവിടങ്ങളിൽ ഓരോ സ്ഥാപനം വീതവും പ്രവർത്തിക്കുന്നു. ഓരോ സ്ഥാപനത്തിലും 25 കുട്ടികൾ വീതം താമസിക്കുന്നു. ഇവർക്ക് ആവശ്യമായ സ്കൂൾ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഒരു കുട്ടിയെ ബാലമന്ദിരത്തിൽ പ്രവേശിപ്പിക്കണമെങ്കിൽ ആദ്യം അതാത് ജില്ലകളിലെ ശിശുക്ഷേമ സമിതി മുമ്പാകെ കുട്ടിയെ ഹാജരാക്കേണ്ടതാണ്. മാതാപിതാക്കൾക്ക് കുട്ടിയെ വീട്ടിൽ നിർത്തി വളർത്താൻ കഴിയാത്ത സാഹചര്യത്തിൽ ശിശുക്ഷേമസമിതിയുടെ ശുപാർശ പ്രകാരം കുട്ടിയെ ബാലമന്ദിരത്തിലേക്ക് അയയ്ക്കുന്നു. ഈ സ്ഥാപനങ്ങളിൽ ഇപ്പോഴുള്ള അന്തേവാസികളിൽ അധികവും ഇത്തരത്തിലുള്ള കുട്ടികളാണ്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വഴിതെറ്റി ബസ് സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും എത്തിപ്പെടുന്ന കുട്ടികളെ ശിശുക്ഷേമ സമിതിയിൽ എത്തിക്കുകയും സമിതിയുടെ നിർദ്ദേശ പ്രകാരം തൊട്ടടുത്ത ബാലമന്ദിരത്തിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. തുടർന്ന്, മാതാപിതാക്കളെ കണ്ടെത്തി കുട്ടികളെ കൈമാറുന്നതിന് ശ്രമിക്കുന്നു. മാതാപിതാക്കൾക്ക് കുട്ടിയെ സംരക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെങ്കിൽ സ്പോൺസർഷിപ്പോ ഗവൺമെന്റ് സഹായമോ നൽകി അവരെ തിരികെ വീടുകളിൽത്തന്നെ എത്തിക്കുന്നതിനുള്ള ശ്രമവും സാമൂഹ്യനീതി വകുപ്പ് ചെയ്തുവരുന്നു.

ബാലമന്ദിരങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ സർക്കാർ നൽകിവരുന്നുണ്ട്. ഹോമുകളിൽ പാർട്ട് ടൈം മെഡിക്കൽ ഓഫീസര്, പാർട്ട് ടൈം സൈക്യാട്രിസ്റ്റ്, കൗൺസിലർമാർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഹോമുകളിലെ കുട്ടികളെ അടുത്തുള്ള സ്കൂളിൽ അയച്ച് പഠിപ്പിക്കുകയും പത്താം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്ക് പ്ലസ് ടു-വിനും പ്ലസ് ടു പാസ്സായവർക്ക് പോളിടെക്നിക്ക് അടക്കമുള്ള സാങ്കേതിക മേഖലകളിലും വിദ്യാഭ്യാസം നൽകുന്നതിന് അതാത് സ്കൂളുകളുമായും കോളേജുകളുമായും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുമായും ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നു. ഹോമുകളിൽ താമസിക്കുന്ന സമയത്ത് വിവിധ മേഖലകളിൽ പ്രത്യേക സ്കിൽ ആർജ്ജിക്കുന്നതിനുള്ള അവസരവും കുട്ടികൾക്ക്

നൽകിവരുന്നു.

1975-ന് മുമ്പ് ജയിൽ വകുപ്പിനായിരുന്നു ബാലമന്ദിരങ്ങളുടെ നടത്തിപ്പിന്റെ ചുമതല. അക്കാലത്ത് ബാലമന്ദിരങ്ങളോട് ചേർന്ന് സ്കൂളുകളും പ്രവർത്തിച്ചിരുന്നു. ഓരോ ബാലമന്ദിരത്തിന്റെയും ഭരണ നിർവ്വഹണത്തിനായുള്ള സ്റ്റാഫ് പാറ്റേണ് —ഒരു സൂപ്രണ്ട്, ഒരു മേട്രണ്, കെയർടേക്കർ, കുക്ക്, പാർട്ട് ടൈം ടീച്ചർ എന്നിങ്ങനെയായിരുന്നു.

ബാലനീതി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസര്, ജില്ലാ പ്രൊബേഷൻ ഓഫീസര്, പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരടങ്ങിയ ഒരു പരിശോധനാ സമിതിയെ എല്ലാ ജില്ലകളിലും നിയമിച്ചിട്ടുണ്ട്. ഈ സമിതി എല്ലാമാസവും ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുകയും ഡയറക്ടറേറ്റ് തലത്തിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

അശരണരും നിയമവുമായി പൊരുത്തപ്പെടാത്തവരുമായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും അവർ സമൂഹത്തിന്റെ ഭാഗമാണെന്നും അവരെ സമൂഹത്തിന് ആവശ്യമുണ്ടെന്നും ബോദ്ധ്യപ്പെടുത്തുകയും അവരെ സ്വയംപ്രാപ്തരാക്കുകയുമാണ് ഈ സ്ഥാപനങ്ങളുടെ പ്രവർത്തന ലക്ഷ്യം. ഇത്തരം സ്ഥാപനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവിടെയുള്ള അസൗകര്യങ്ങൾ പരിഹരിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പഠിക്കുന്നതിനും കളിക്കുന്നതിനും ഉറങ്ങുന്നതിനും ഉള്ള സ്ഥലം കുട്ടികൾക്ക് വളരെ പ്രധാനപ്പെട്ടതാണ്. ചുറ്റുപാടുകൾ മനുഷ്യന്റെ, പ്രത്യേകിച്ച് കുട്ടികളുടെ മനോഭാവത്തെയും സ്വഭാവരൂപീകരണത്തെയും കാഴ്ചപ്പാടുകളെയും വളരെയേറെ സ്വാധീനിക്കുന്നു. അതുകൊണ്ടുതന്നെ ചുറ്റുപാടുകളെ രൂപപ്പെടുത്തുക എന്നത് അതിപ്രധാനമാണ്. മനഃശാസ്ത്രപരമായി കുട്ടികളെ പരിശീലിപ്പിക്കേണ്ട ബാലമന്ദിരങ്ങളിലെ ചുറ്റുപാടുകളും ജീവനക്കാരുടെ സമീപനവും കുട്ടികളുടെ ചിന്തകളെയും പ്രവൃത്തികളെയും സ്വാധീനിക്കുന്നു.

ആരും നോക്കാനില്ലാത്തവരും ആരാലും ശ്രദ്ധിക്കപ്പെടാത്തവരുമായ കുട്ടികളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള സ്ഥാപനങ്ങളായി ബാലമന്ദിരങ്ങൾ കണക്കാക്കപ്പെടുന്നു. കുട്ടികളെ ബാലമന്ദിരങ്ങളിൽ പാർപ്പിക്കാൻ ഇടയാകരുതെന്ന സമീപനമാണ് സർക്കാർ സ്വീകരിക്കേണ്ടത്. രക്ഷകർത്താക്കളുടെ സ്നേഹവും ലാളനയും ലഭിച്ചാണ് കുട്ടികൾ വളരേണ്ടത് എന്നതിനാൽ പരിപാലനവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ അവർക്ക് സ്വന്തക്കാരോ ബന്ധുക്കളോ ഉണ്ടെങ്കിൽ അവരുടെ വീടുകളിൽത്തന്നെ തുടർന്നും താമസിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകി, ബാലമന്ദിരങ്ങളിലേക്ക് കൊണ്ടുവരുന്ന സാഹചര്യം ഒഴിവാക്കുക എന്നതായിരിക്കണം സർക്കാർ സ്വീകരിക്കേണ്ട നയം.

നിയമവുമായി പൊരുത്തപ്പെടാത്തവരമായും അക്രമവാസനയും കുറ്റവാസനയുമുള്ള വരായുമും മുദ്രകുത്തപ്പെട്ട് ജുവനൈൽ ഹോമുകളിൽ എത്തിപ്പെടുന്ന കുട്ടികളുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും, ബന്ധു ക്കളിൽ നിന്നും അകന്നുപോകുന്ന കുട്ടികള്, ബാലഭിക്ഷാടനത്തിൽ ഏർപ്പെട്ടവര്, ബാലവേല ചെയ്യുന്നവര്, അന്യസംസ്ഥാനങ്ങളിൽ നിന്നും വഴിതെറ്റി എത്തു ന്നവര്, ലൈംഗിക ചൂഷണത്തിന് ഇരയാകുന്നവർ തുടങ്ങി പലവിധ ചൂഷണങ്ങൾക്ക് വിധേയരായി ബാലമന്ദിരങ്ങളിൽ എത്തുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു .

ഈ സാഹചര്യത്തിലാണ് സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 940/2014. ജുവനൈൽ ഹോമുകൾ സന്ദർശിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2013 ആഗസ്റ്റ് മാസം 21-ാം തീയതിയിലെ സമിതിയോഗം തീരുമാനിച്ചത്. അതനുസരിച്ച് സമിതി 2013 നവംബർ മാസം 15-ാം തീയതി കോഴിക്കോട് വെള്ളിമാട്കുന്നിലെ സാമൂഹ്യനീതി സമുച്ചയം, 2014 ഏപ്രിൽ മാസം 29-ാം തീയതി എറണാകുളം ജില്ലയിലെ കാക്കനാട് ജുവനൈൽ ഹോം എന്നിവ സന്ദർശിക്കുകയും ഈ ഹോമുകളുടെ പ്രവർത്തനങ്ങളിൽ നിരവധി പോരായ്മകൾ സമിതി കണ്ടെത്തുകയും ചെയ്തി ട്ടുണ്ട്.

കുട്ടികളുടെ അതിസങ്കീർണ്ണവും ചർച്ചാവിഷയമാകേണ്ടതുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ ഒരു നിയമം സംസ്ഥാനത്ത് നിലവിലില്ല എന്നത് വളരെ പരിതാപകരമായ അവസ്ഥാവിശേഷമാണ്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാരിൽനിന്നും കടംകൊണ്ട നിയമങ്ങൾ സംസ്ഥാ നത്ത് നടപ്പിലാക്കുകവഴി സംസ്ഥാനത്തിന്റേ തായ പ്രശ്നങ്ങളിൽ ക്രി യാത്മകമായി ഇടപെടുന്നതിനും പരിഹരിക്കുന്നതിനും സാധിക്കാതെ വരുന്നു. സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ ഏറെ മുന്നിൽ പോയിട്ടുള്ള നമ്മുടെ സംസ്ഥാനം കുട്ടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. നാളെയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ സംരക്ഷിക്കേണ്ടതും അവരെ ഉത്തമപൗരന്മാരായി വളർന്നുവരാൻ പ്രാപ്തരാക്കേണ്ടതും നമ്മുടെ കടമയായി നാം കാണണം.

ബാലമന്ദിരങ്ങളിൽ എത്തിപ്പെടുന്ന കുട്ടികളെ രണ്ടാം തരം പൗരന്മായി കാണുന്ന സമീപനം മാറേണ്ടിയിരിക്കുന്നു. ബാലമന്ദിരങ്ങളിലെ കുട്ടികളുടെ ശാക്തീകരണവും വ്യക്തിത്വ വികാ സവും ഉറപ്പുവരുത്തുന്നതിനും അതോടൊ പ്പം അവരുടെ വിദ്യാ ഭ്യാസം, ആരോഗ്യം, ശുചിത്വം, പോഷണം എന്നിവയ്ക്കും അന്തേവാസികളുടെ സാമൂഹ്യപ്രശ്നങ്ങൾ മനഃശാസ്ത്രപരമായി പരിഹരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടി യിരിക്കുന്നു.

വിവിധ തരത്തിലുള്ള ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവരും ഏറെ ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമാണ് കുഞ്ഞുങ്ങളും കൗമാരപ്രായക്കാരും. 5 മുതൽ 18 വയസ്സുവരെ പ്രായമുള്ളവരെയാണ് ബാലമന്ദിരങ്ങളിൽ പാർപ്പിച്ചിരിക്കുന്നത്. പലവിധ സാമൂഹ്യ ചുറ്റുപാടുകളിൽ നിന്നും ബാലമന്ദിരങ്ങളിൽ

പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ ശാരീരികമാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, മെഡിക്കൽ ഓഫീസര്, കൗൺസിലർ തുടങ്ങിയവരുടെ സേവനം നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. എന്നാൽ മിക്ക ബാലമന്ദിരങ്ങളിലും മെഡിക്കൽ ഓഫീസറുടെയും കൗൺസിലർമാരുടെയും സേവനം കൃത്യമായി ലഭിക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

ഹോമുകളിൽ അവശ്യം വേണ്ടുന്ന കട്ടില്, കിടക്കകള്, അലമാരകൾ എന്നിവയുടെയും വൃത്തിയുള്ള ടോയ്ലെറ്റ്, ബാത്ത്റൂം എന്നിവയുടെയും അഭാവം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ചില ഹോമുകളിൽ ടോയ്‌ലെറ്റിൽ നിന്നുള്ള പൈപ്പുകൾ പൊട്ടി മലിനജലം പുറത്തേക്ക് ഒഴുകുന്നതും പൊട്ടിപ്പൊളിഞ്ഞ ഭിത്തിയും തറയും വാതിലുകളും ജനാലകളും വൃത്തിഹീനമായ ചുറ്റുപാടുകളും സമിതി നേരിൽ കണ്ടു. അശാസ്ത്രീയമായും ആസൂത്രണമില്ലാതെയും നിർമ്മിച്ചിട്ടുള്ളതും അറ്റകുറ്റപ്പണികൾ നടത്താത്തതും ചോർന്നൊലിക്കുന്നതുമായ കുറെ കെട്ടിടങ്ങൾ മാത്രമായി ഈ സ്ഥാപനങ്ങൾ മാറിയിരിക്കുന്നു. ബാലമന്ദിരങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ ഭൗതികഅസൗകര്യങ്ങൾ പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി.

ജുവനൈൽ ജസ്റ്റിസ് ബോർഡിൽ ഏകദേശം 400 കേസുകൾ ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന് വേണ്ടി മാത്രം സമർപ്പിച്ചിരിക്കുന്നതായും 200 കേസുകൾ ചൈൽഡ് വെൽഫെയർ കൗൺസിലിൽ തീർപ്പാകാതെ കിടക്കുന്നതായും കുട്ടികൾ പ്രതികളായ ധാരാളം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതായും ഇത്തരത്തിൽ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് കോഴിക്കോട് ജില്ലയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ബോർഡിന് പരാതികൾ ലഭിച്ചു കഴിഞ്ഞാൽ അന്വേഷണം നടത്തുന്നതിനുള്ള സൗകര്യങ്ങളില്ല എന്നും കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുമ്പോൾ ഉടനടി നടപടി സ്വീകരിക്കുന്നതിന് വാഹനദൗർലഭ്യം പ്രതികൂലമാകുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ശിശുസൗഹൃദാന്തരീക്ഷം നിലവിലില്ലാത്തതും കാരണം കുട്ടികളുമായി സംവദിക്കുന്നതിനുപോലും സാധ്യമാകാത്ത അവസ്ഥയാണുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു.

സമിതിയുടെ സന്ദർശനങ്ങളുടെയും വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ കോഴിക്കോട്, എറണാകുളം , കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും സമിതിയുടെ വിലയിരുത്തലുകളും ചുവടെ ചേർക്കുന്നു :

**ചിൽഡ്രൻസ് ഹോം (ഗേൾസ്) വെള്ളിമാട്കുന്ന്, കോഴിക്കോട്**

ബാലനീതി നിയമ പ്രകാരം കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന

കേരളത്തിലെ ഏറ്റവും വലിയ സ്ഥാപനമാണ് കോഴിക്കോട് വെള്ളിമാട്കുന്നിലെ ഗവ. ചിൽഡ്രൻസ് ഹോം (ഗേൾസ്). 1937 മുതൽ പ്രവർത്തിച്ചുവരുന്ന പൂവർ ഹോം സൊസൈറ്റിയാണ് പിന്നീട് ബാലമന്ദിരമായും ജുവനൈൽ ഹോം ആയും രൂപാന്തരം പ്രാപിച്ചത്. 1942-ൽ കുട്ടികൾക്കായി സ്കൂളും സ്ഥാപിച്ചു. സർട്ടിഫൈഡ് സ്കൂൾ ഇവിടത്തെ കുട്ടികൾക്ക് മാത്രമായി ആരംഭിച്ചതാണ്. 27 ഏക്കർ സ്ഥലത്താണ് ഈ സ്ഥാപനം ആരംഭിച്ചത്. 1967-68-ൽ ബാലമന്ദിരം ജയിൽ വകുപ്പ് ഏറ്റെടുത്തു. 1987-ൽ ഇത് ജയിൽ വകുപ്പിന്റെ കീഴിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്തു. ജുവനൈൽ ഹോമിൽ നിന്നും ആൺകുട്ടികളെ വേർപ്പെടുത്തി പ്രത്യേകം ചിൽഡ്രൻസ് ഹോം (ബോയ്സ്) എന്ന സ്ഥാപനം 2000 ഡിസംബർ 7 മുതൽ പ്രവർത്തനം തുടങ്ങി.

കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സന്നദ്ധ സംഘടനകൾ വഴി വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കുട്ടികളുടെ കലാസാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതിനായി വിവിധ പരിശീലന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. സ്ഥാപനത്തിലെ മുഴുവൻ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉപരിപഠനം വരെ നടത്തുന്നതിനുള്ള സൗകര്യം നൽകിവരുന്നു.

ഈ സ്ഥാപനത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പഠനനിലവാരം ലഭ്യമാക്കുന്നതിനും സമൂഹത്തിലെ മുഖ്യധാരയിലുള്ള കുട്ടികളോടൊത്ത് ആത്മവിശ്വാസത്തോടെ പെരുമാറുന്നതിന് പ്രാപ്തരാക്കുന്നതിനും വേണ്ടി ഡിഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായാണ് 40 കുട്ടികളെ കോഴിക്കോട് ജില്ലയിലെ പ്രമുഖ റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനമായ രാമകൃഷ്ണ ശാരദാ മിഷൻ ഹയർ സെക്കന്ററി സ്കൂളിൽ പ്രവേശിപ്പിച്ച് വിദ്യാഭ്യാസം നൽകിവരുന്നത്.

ഈ ബാലമന്ദിരത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും മാനസിക ശാരീരിക ലൈംഗിക പീഡനങ്ങൾക്ക് ഇരയായവരാകയാൽ കുട്ടികൾക്ക് ശാരീരികവും മാനസികവുമായ സാന്ത്വനം നൽകുന്നതിനായി നിരന്തര ആരോഗ്യ പരിശോധനയും കൗൺസിലിംഗും അത്യാവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇതിനായി സ്ഥാപനത്തിൽ മെഡിക്കൽ ഓഫീസറുടെയും കൗൺസിലറുടെയും സ്ഥിരം സേവനം ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി വിലയിരുത്തി.

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം 20 കുട്ടികൾക്ക്ക്ക് ഒരു കെയർ ടേക്കറുടെ സേവനം ആവശ്യമാണ്. അന്തേവാസികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയ്ക്ക് ആനുപാതികമായി കെയർ ടേക്കറുടെ അധിക തസ്തിക അനുവദിക്കേണ്ടതും കുട്ടികളുടെ പ്രായത്തിനനുസരിച്ച് വെവ്വേറെ ഗ്രൂപ്പുകളായി തിരിച്ച് അവരെ പ്രത്യേകം കെയർ ടേക്കർമാരുടെ സംരക്ഷണയിലാക്കേണ്ടതുമാണെന്ന് സമിതി വിലയിരുത്തി.

നൂറ്റിഅൻപതിലധികം കുട്ടികളുള്ള ഈ സ്ഥാപനത്തിൽ പ്രഭാതഭക്ഷണം,

ഉച്ചഭക്ഷണം, രാത്രി ഭക്ഷണം തുടങ്ങിയവ യഥാസമയം തയ്യാറാക്കി നൽകുന്നതിനായി നിലവിൽ രണ്ട് പാചകക്കാരുടെ സേവനം മാത്രമാണ് ഉള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇവരുടെ ജോലിഭാരം കണക്കിലെടുത്ത് 2 പാചകക്കാരുടെ അധിക തസ്തിക കൂടി അടിയന്തരമായി അനുവദിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി.

5 വയസ്സു മുതൽ 18 വയസ്സു വരെയുള്ള പെൺകുട്ടികൾ താമസിക്കുന്ന സ്ഥലമെന്ന നിലയിൽ ഡോർമെട്രികളും ബാത്ത്റൂം, ടോയ്‌ലെറ്റ് എന്നിവയും സദാസമയവും ശുചിത്വത്തോടു കൂടി സൂക്ഷിക്കുന്നതിനായി നിലവിലെ 2 സ്കാവഞ്ചർ തസ്തികയ്ക്ക് പുറമെ രണ്ട് സ്കാവഞ്ചർ തസ്തിക കൂടി അനുവദിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. കൂടാതെ അന്തേവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പുറമേ നിന്നുള്ള സാമൂഹ്യവിരുദ്ധരുടെ ഉപദ്രവങ്ങൾ ഒഴിവാക്കുന്നതിനുമായി സ്ഥാപനത്തിനു ചുറ്റുമുള്ള വിളക്കുകൾ കുറ്റമറ്റരീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കേസ് വർക്കറുടെ സേവനം ലഭ്യമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കേസ് വർക്കറുടെ സേവനം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തസ്തിക അനുവദിച്ച് സേവനം ലഭ്യമാക്കണമെന്ന് സമിതി വിലയിരുത്തി.

സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന അന്യസംസ്ഥാനക്കാരായ കുട്ടികളെ അവരുടെ സ്വദേശത്തേക്ക് മടക്കി അയയ്ക്കുന്നതിന് എസ്കോർട്ടിനായി വനിതാ പോലീസിന്റെ സേവനം ആവശ്യമാണ്. നിലവിൽ സ്ഥാപനത്തിന്റെ ആവശ്യമനുസരിച്ച് യഥാസമയം വനിതാ പോലീസിന്റെ സേവനം ലഭിക്കുന്നില്ല. ആകയാൽ കുട്ടികളെ സ്വദേശത്തേക്ക് മടക്കി അയയ്ക്കുന്നതിനായി വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു.

**ഗവൺമെന്റ് ചിൽഡ്രൻസ് ഹോം (ബോയ്സ്), വെള്ളിമാട്കുന്ന്, കോഴിക്കോട്**

ഗവ. ചിൽഡ്രൻസ് ഹോം (ബോയ്സ്) എന്ന സ്ഥാപനം ചിൽഡ്രൻസ് ഹോം ഗേൾസ്-ൽനിന്നും വേർപെടുത്തി സ്വതന്ത്ര സ്ഥാപനമായി 2000 ഡിസംബർ 7 മുതൽ പ്രവർത്തിച്ചുവരുന്നു. 2000-2013 കാലയളവിൽ ആയിരത്തിലധികം കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ പ്രവേശനം നൽകിയിട്ടുണ്ട്. ഇവിടെ നിലവിൽ 74 കുട്ടികളുണ്ട്. അതിൽ 28 കുട്ടികളെ വെള്ളിമാട്കുന്ന് സി.എസ്.യു.പി. സ്കൂളിലും 22 കുട്ടികളെ എന്.ജി.ഒ. ക്വാർട്ടേഴ്സ് ഹയർ സെക്കൻഡറി സ്കൂളിലും 10 കുട്ടികളെ ജെ.ഡി.റ്റി. ഹയർ സെക്കൻഡറി- വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും പഠിപ്പിക്കുന്നു. ഇതു കൂടാതെ മാളിക്കടവ് ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ കോഴ്സിന് ഒരു കുട്ടിയും ജെ.ഡി.റ്റി. ഐ.ടി.ഐ.-യിൽ പ്ലമ്പിംഗ് കോഴ്സിന് ഒരു കുട്ടിയും വെസ്റ്റ്ഹിൽ

പോളിടെക്നിക്കിൽ മെക്കാനിക്കൽ ഡിപ്ലോമ കോഴ്സിന് ഒരു കുട്ടിയും പഠിക്കുന്നുണ്ട്. കുട്ടികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ പ്രത്യേക ട്യൂഷന്, സ്ഥാപനത്തിൽ തന്നെ ഏർപ്പെടുത്തുകയും ഇതിനായി അഞ്ച് അദ്ധ്യാപകരെ താൽക്കാലികമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനും ശക്തമായ ഒരു സുഹൃദ്സമിതി നിലവിലുണ്ട്.

കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി അഞ്ച് കമ്പ്യൂട്ടറുകളുള്ള ഒരു കമ്പ്യൂട്ടർ ലാബുണ്ട്. എന്.എസ്.എസ്. യൂണിറ്റിന്റെ സഹായത്തോടെ കുട്ടികൾക്ക് ഐ.എച്ച്.ആര്.ഡി., കമ്പ്യൂട്ടർ പരിശീലനം നൽകിവരുന്നു. കൂടാതെ, കൃഷി സംബന്ധിച്ച കാര്യങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി അഗ്രികൾച്ചർ ഇൻസ്ട്രക്ടറുടെ തസ്തികയും സ്ഥാപനത്തിൽ ഉണ്ട്. കുട്ടികൾക്ക് പച്ചക്കറികൃഷി, പൂന്തോട്ട നിർമ്മാണം എന്നിവയ്ക്കുവേണ്ട നിർദ്ദേശങ്ങൾ അഗ്രികൾച്ചർ ഇൻസ്ട്രക്ടർ നൽകിവരുന്നുണ്ട്. നിലവിൽ ഈ തസ്തികയിൽ സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമിച്ചിട്ടുള്ളത്.

കുട്ടികൾക്ക് കാരംസ്, ചെസ്സ്, ബാഡ്മിന്റന് , ക്രിക്കറ്റ്, ഫുട്ബോൾ തുടങ്ങിയ കളികൾക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. ഈ സ്ഥാപനത്തിലുള്ള കളിസ്ഥലത്തിന് ചില അത്യാവശ്യമായ നവീകരണപ്രവൃത്തികൾ ചെയ്യുന്നതിന് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന സ്പോർട്സ് കൗൺസിലിന് അപേക്ഷ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് ആയിരത്തിലധികം പുസ്തകങ്ങൾ ഉള്ള ലൈബ്രറിയും സ്ഥാപനത്തിൽ ഉണ്ട്. കുട്ടികൾക്ക് അറിവും മാനസികോല്ലാസവും ലഭിക്കുന്നതിനായി എക്സിബിഷന്, സിനിമ, വിനോദയാത്ര എന്നിവയ്ക്കുള്ള അവസരങ്ങളും നൽകിവരുന്നു. സുഹൃത് സമിതിയുടെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ ആഘോഷ വേളകളിൽ കുട്ടികൾക്കായി വിവിധ കലാപരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

പോഷകാഹാര വിദഗ്ധരുടെ നിർദ്ദേശാനുസരണം സർക്കാർ അംഗീകരിച്ച ഭക്ഷണക്രമമനുസരിച്ച് കുട്ടികൾക്ക് ആവശ്യമായ പോഷകാഹാരം നൽകിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ കുട്ടികൾക്ക് വിശേഷ ഭക്ഷണങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

കുട്ടികൾക്ക് സാധാരണയായി വൈദ്യസഹായം ലഭ്യമാക്കുന്നത് സമീപത്തുള്ള എന്.ജി.ഒ. ക്വാർട്ടേഴ്സ് ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ നിന്നുമാണ്. അടിയന്തിര സാഹചര്യങ്ങളിൽ തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ നിന്നും വൈദ്യസഹായം ലഭ്യമാക്കാറുണ്ട്. കൂടാതെ മാസത്തിൽ രണ്ട് തവണ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ സേവനവും സ്ഥാപനത്തിൽ ലഭ്യമാക്കി വരുന്നു. മദ്യപാനത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട കുട്ടികളെ

മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ച് സൈക്യാട്രിക് ചികിത്സയും സ്ഥാപനത്തിലെ പാർട്ട് ടൈം സൈക്കോളജിസ്റ്റ് ആവശ്യമായ കൗൺസിലിംഗും നൽകിവരുന്നുണ്ട്. കൂടാതെ, അത്യാവശ്യ സന്ദർഭങ്ങളിൽ കോമ്പസിറ്റ് റീജിയണൽ സെന്ററിലെ സൈക്ക്യാട്രിസ്റ്റുമാരുടെ സേവനവും ലഭ്യമാക്കാറുണ്ട്. കോഴിക്കോട് ഐ.ഐ.എം., ഒ.ആര്.സി., ദിശ എന്നീ സ്ഥാപന/സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കൗമാരപ്രായക്കാരായ കുട്ടികൾക്ക് സ്വഭാവരൂപീകരണത്തിനും കരിയർ ഗൈഡൻസിനും ക്ലാസ്സുകൾ നൽകുന്നുണ്ട്.

കുട്ടികളെ സന്ദർശിക്കുവാനും അവരോട് സംസാരിക്കുവാനും മാതാപിതാക്കളെയും ബന്ധുക്കളെയും അനുവദിക്കാറുണ്ട്. കുട്ടികളുടെ താല്പര്യപ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അനുമതിയോടെ അവധിക്കാലങ്ങളിൽ കുട്ടികളെ മാതാപിതാക്കളോടൊപ്പം അയയ്ക്കാറുണ്ട് .

കുട്ടികൾക്ക് പതിനെട്ട് വയസ്സ് പൂർത്തിയായിക്കഴിഞ്ഞാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം രക്ഷിതാക്കളോടൊപ്പം അയയ്ക്കുന്നു . ഏറ്റെടുക്കാൻ രക്ഷിതാക്കൾ ഇല്ലെങ്കിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം കുട്ടികളെ തലശ്ശേരിയിലെ ഗവ. ആഫ്റ്റർ കെയർ ഹോമിലേക്ക് മാറ്റുകയും പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു. സ്ഥാപനത്തിൽ നിന്ന് തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രവേശിപ്പിച്ച് പഠനം പൂർത്തിയാക്കി സമൂഹത്തിന്റെ നാനാതുറകളിൽ ഉത്തമപൗരൻമാരായി ജീവിക്കുന്ന നിരവധി മുൻവിദ്യാർത്ഥികൾ ഈ സ്ഥാപനത്തിന്റേതായിട്ടുണ്ട്.

2000 മുതൽ 2013 വരെയുള്ള കാലയളവിൽ അഞ്ഞൂറിലധികം കുട്ടികളെ അവരുടെ മാതാപിതാക്കളോടൊപ്പം വിട്ടയയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് . വിവിധ കാരണങ്ങളാൽ സ്ഥാപനത്തിൽ എത്തിപ്പെടുന്ന മറ്റു സംസ്ഥാനങ്ങളിലെ കുട്ടികളെ , ഈ സ്ഥാപനത്തിൽ പ്രവേശിപ്പിക്കുകയും കുട്ടികളുടെ ശരിയായ മേൽവിലാസം കണ്ടെത്തി ബന്ധപ്പെട്ട ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമായി സഹകരിച്ച് അവരെ എത്രയും വേഗം അതത് സംസ്ഥാനത്തെ ഹോമുകളിലേക്ക് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നിർദ്ദേശത്തോടെ തിരിച്ചയയ്ക്കുകയും ചെയ്യുന്നു . കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഈ സ്ഥാപനത്തിൽ നിന്നും അന്യസംസ്ഥാനക്കാരായ 47 കുട്ടികളെ അവരുടെ സ്വദേശത്തുള്ള ചില്‍ഡ്രൻസ് ഹോമുകളിലേക്ക് പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ അന്യസംസ്ഥാന ക്കാരായ 4 കുട്ടികളാണ് സ്ഥാപനത്തിൽ ഉള്ളത്. ഇവരിൽ രണ്ടു പേർ വളരെ ചെറുപ്പത്തിൽ എത്തിയിട്ടുള്ളവരും സ്വന്തം സ്ഥലവും കുടുംബവും പല തവണ ശ്രമിച്ചിട്ടും കണ്ടെത്താൻ കഴിയാത്തവരുമാണ്. ഈ കുട്ടികളെ കുറിച്ചുള്ള വിവരം ഇന്റർനെറ്റ് മുഖാന്തിരം മിസ്സിംഗ് ചൈൽഡ് സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. മറ്റു രണ്ട് കുട്ടികൾ അടുത്തകാലത്ത് പ്രവേശിപ്പിക്കപ്പെട്ടവരാണ്.

സ്ഥാപനത്തിൽ നിന്നും 19 കുട്ടികളെ അഡോപ്ഷന്/ഫോസ്റ്റർ കെയർ വഴി പുനരധിവസിപ്പിക്കാനും ഇതുവഴി അവരെ സനാഥരാക്കാനും സാധിച്ചിട്ടുണ്ട്. മൂന്ന് കുട്ടികളുടെ ദത്തെടുക്കൽ സംബന്ധിച്ച നടപടികൾ ചൈൽഡ് വെൽഫെയൽ കമ്മിറ്റി മുഖാന്തിരം നടന്ന് വരുന്നു.

ഈ സ്ഥാപനത്തിലെ കുട്ടികൾക്ക് വിദഗ്ധരായ കലാകാരൻമാരുടെ ശിക്ഷണത്തിൽ പരിശീലനം നൽകിയതിനാൽ 2011-ലെ സംസ്ഥാനതല ചിൽഡ്രൻസ് ഫെസ്റ്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 'നന്മ' എന്ന സന്നദ്ധ സംഘടനയുടെ സഹായത്തോടെ കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും പരിശീലനം നൽകി വരുന്നു. ഈ സ്ഥാപനത്തിലെ കുട്ടികൾ തയ്യാറാക്കിയ ചുവർമാഗസിൻ 'കിളിക്കൂട് ' എന്ന പേരിൽ പ്രകാശനം ചെയ്യുകയുണ്ടായി. കുട്ടികളുടെ ഒരു കലാസാഹിത്യവേദി സ്ഥാപനത്തിൽ പ്രവർത്തിച്ച് വരുന്നു. കുട്ടികളുടെ കലാപരമായ അഭിരുചികൾ വളർത്തുന്നതിന് ഈ കലാസാഹിത്യവേദി വളരെയധികം സഹായകമാണ്.

സ്ഥാപനത്തിൽ 19 സ്ഥിരം ജീവനക്കാരും എംപ്ലോയ്മെന്റ് മുഖേന താൽക്കാലികമായി ഒരാളും ദിവസവേതനത്തിൽ 4 പേരും ഒരു പാർട്ട് ടൈം സൈക്കോളജിസ്റ്റും വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു സ്കാവഞ്ചറും ജോലി ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു.

സ്ഥാപനത്തിലെ സുഹൃദ്സമിതി ചെയർമാനും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഡോ. ബാലകൃഷ്ണൻ നമ്പ്യാരുടെ സൗജന്യ സേവനവും ക്ലാസുകളും കുട്ടികൾക്ക് വളരെയധികം പ്രയോജനപ്പെടുന്നുണ്ട്.

സ്ഥാപനം പ്രവർത്തിക്കുന്നത് വൃദ്ധമന്ദിരത്തിനുവേണ്ടി നിർമ്മിച്ച ഒരു കെട്ടിടത്തിലാണ്. ജെ.ജെ. ആക്ട് വിഭാവനം ചെയ്യുന്ന സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല. അൻപത് പേരെ മാത്രം താമസിപ്പിക്കാനുള്ള സ്ഥല സൗകര്യമുള്ള സ്ഥാപനത്തിൽ പലപ്പോഴും നൂറിലധികം കുട്ടികളെ താമസിപ്പിക്കേണ്ടതായി വരാറുണ്ട്. ഇത് വളരെയധികം ബുദ്ധിമുട്ടുകൾക്ക് ഇടയാക്കുന്നു . മാത്രവുമല്ല ജെ.ജെ. ആക്ട് പ്രകാരം കുട്ടികളെ പ്രായത്തിനനുസരിച്ച് മൂന്നായി തിരിച്ച് വ്യത്യസ്ത മുറികളിലായി താമസിപ്പിക്കേണ്ടതുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിലവിൽ രണ്ട് ഡോർമെട്രികൾ മാത്രമാണുള്ളത്. സൗകര്യപ്രദമായ ഐസൊലേഷൻ റൂം, മെഡിക്കൽ ചെക്കപ്പ് റൂം, ലൈബ്രറി, കൗൺസിലിംഗ് റൂം, കുട്ടികളുടെ വസ്തുങ്ങൾ ഉണക്കുന്നതിന് ഹാൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി വെർട്ടിക്കൽ എക്സ്പാൻഷൻ നടത്തേണ്ടതാണെന്ന് സമിതി വിലയിരുത്തി.

അന്തേവാസികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സമുച്ചയത്തിലെ

ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി നിരീക്ഷിച്ചു.

സ്ഥാപനത്തിൽ പ്രൊബേഷൻ ഓഫീസറുടെ (കേസ് വർക്കർ) സേവനം ലഭ്യമല്ല. ജുവനൈൽ ജസ്റ്റീസിനുവേണ്ടി ഈ ജില്ലയിൽ അനുവദിച്ചിട്ടുള്ളത് ഒരു പ്രൊബേഷൻ ഓഫീസർ തസ്തിക മാത്രമാണ്. ജെ.ജെ.ബി., സി.ഡബ്ല്യൂ.സി. എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിച്ച ശേഷം പ്രൊബേഷൻ ഓഫീസറുടെ സേവനം സ്ഥാപനത്തിൽ യഥാസമയം ലഭ്യമാകുന്നില്ല. ആയതിനാൽ ഒരു പ്രൊബേഷൻ ഓഫീസറുടെ (കേസ് വർക്കർ) തസ്തിക അനുവദിച്ച് നിയമനം നടത്തുന്നത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തി.

ഈ സമുച്ചയത്തിന്റെ പൂർണ്ണ ചുമതല സൂപ്രണ്ടിനാണ്. 24 ഏക്കർ ഭൂമിയുള്ള സമുച്ചയത്തിൽ കാർഷികപ്രവൃത്തികൾ ചെയ്യിക്കുന്നതിന്റെയും പന്ത്രണ്ട് സ്ഥാപനങ്ങൾക്കുള്ള ശുദ്ധജല വിതരണത്തിന്റെയും മേൽനോട്ടം വഹിക്കുന്നതിന് ഒരു എസ്റ്റേറ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കേണ്ടതാണ്. സമുച്ചയത്തിലെ അന്തേവാസികളുടെ ചികിത്സ സംബന്ധമായ അടിയന്തിര ഘട്ടങ്ങളിൽ ഒരു വാഹനം വാടകയ്ക്കോ സ്ഥിരമായോ ഏർപ്പെടുത്തുന്നതിനുള്ള അധികാരം എസ്റ്റേറ്റ് ഓഫീസറിൽ നിക്ഷിപ്തമാക്കുന്നത് സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വളരെയധികം സഹായകരമാകുമെന്ന് സമിതി വിലയിരുത്തി.

**ഗവൺമെന്റ് ചിൽഡ്രൻസ് ഹോം (ഗേൾസ്) , കാക്കനാട്, എറണാകുളം**

29-6-2008-ൽ സ്ഥാപിതമായ എറണാകുളത്തെ പെൺകുട്ടികളുടെ ചിൽഡ്രൻസ് ഹോമിൽ നിലവിൽ 105 കുട്ടികളുണ്ട്. 5 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ മിക്കവരും വിദ്യാർത്ഥിനികളാണ്. കൂടുതൽ മെച്ചപ്പെട്ട പഠന സൗകര്യത്തിനായി റസിഡൻഷ്യൽ പദ്ധതി പ്രകാരം യു.പി. സ്കൂൾതലം മുതൽ ഹയർ സെക്കൻഡറി തലം വരെ നാല്പതോളം കുട്ടികളെ ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കുന്നു. പ്രത്യേക സാഹചര്യങ്ങളാൽ സ്കൂളിൽ പോകാൻ സാധിക്കാത്ത കുട്ടികൾക്ക് വേണ്ടി ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത് ബാലമന്ദിരത്തിൽ തന്നെ ട്യൂഷൻ നൽകി പരീക്ഷയ്ക്ക് വേണ്ട തയ്യാറെടുപ്പുകൾക്ക് സൗകര്യം ചെയ്തുകൊടുക്കുന്നു. അന്യസംസ്ഥാനക്കാരായ കുട്ടികൾക്കും പഠനം മുടങ്ങിയവർക്കും പുതിയതായി വരുന്ന കുട്ടികൾക്കുമായി ഗ്ലാസ് പെയിന്റിംഗ്, ഫാബ്രിക് പെയിന്റിംഗ്, ഫ്ലവർ മേക്കിംഗ്, ജ്വല്ലറി മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകിവരുന്നു.

സ്ഥാപനത്തിലെ അന്തേവാസികൾക്ക് നിലവിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ഈ സ്ഥാപനത്തിൽ അനുവദിക്കപ്പെട്ട കുട്ടികളുടെ എണ്ണം നൂറാണെങ്കിലും 50 കുട്ടികൾക്ക് താമസിക്കുവാനുള്ള സൗകര്യം മാത്രമേയുള്ളൂ. മൂന്ന് ഡോർമെട്രികളിലായാണ് കുട്ടികളെ പാർപ്പിച്ചിരിക്കുന്നത്. ഓരോ

ഡോർമെട്ടിയിലും രണ്ട് ടോയ് ലെറ്റ് ഒരു ബാത്ത്റൂം എന്നിവ മാത്രമാണുള്ളത്. 15 കുട്ടികൾക്ക് മാത്രം താമസിക്കാവുന്ന ഡോർമെട്ടിയിൽ 25 മുതൽ 30 കുട്ടികൾ വരെ താമസിച്ചുവരുന്നു. കുട്ടികൾക്ക് വസ്ത്രം അലക്കുവാനും കുളിക്കുവാനുമുള്ള സൗകര്യങ്ങൾ പരിമിതമാണ്. കുട്ടികൾക്കായി കട്ടില്, കിടക്ക, സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഇല്ലായെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. നിലവിലുള്ള കെട്ടിടത്തിൽ സ്ഥലപരിമിതി ഉള്ളതിനാൽ പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണപരമായ തടസ്സങ്ങൾ എത്രയും പെട്ടെന്ന് നീക്കി കെട്ടിടത്തിന്റെ പണി ആരംഭിക്കേണ്ടതാണെന്നും കുട്ടികൾക്ക് ടോയ്‌ലെറ്റ്, ബാത്ത്റൂം, വാഷിംഗ് സ്പേസ് എന്നിവ നിർമ്മിക്കുന്നതിനും അവർക്ക് ആവശ്യമായ കട്ടില്, കിടക്ക, അലമാര എന്നിവ ലഭ്യമാക്കുന്നതിനും വേനൽകാലത്ത് അനുഭവപ്പെടുന്ന ജല ദൗർലഭ്യം പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്നും കൂടാതെ, പുതിയ കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നത് വരെ പുതിയ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് താൽക്കാലികമായി സുരക്ഷിതമായ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും സമിതി വിലയിരുത്തി.

**ഗവൺമെന്റ് ഒബ്സർവേഷൻ ഹോം, എറണാകുളം**

19-12-1994-ൽ പ്രവർത്തനം ആരംഭിച്ച എറണാകുളം ജില്ലയിലെ ഒബ്സർവേഷൻ ഹോമിൽ 25 കുട്ടികളെ താമസിപ്പിക്കുന്നതിനുള്ള സൗകര്യമാണുള്ളത്. നിലവിൽ രണ്ട് കുട്ടികളാണ് അന്തേവാസികളായുള്ളത്. ഇവിടെ താൽക്കാലികമായി പാർപ്പിക്കുന്ന അന്തേവാസികൾക്ക് മാനസികവും ശാരീരികവുമായ ഉന്മേഷം പകരുന്നതിന് കളികള്, വ്യായാമം എന്നിവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

940/2014വിവിധ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്ത സാമൂഹിക ചുറ്റുപാടുകളിൽ നിന്നും വരുന്നവരും വിവിധ കുറ്റവാസനകൾ ഉള്ളവരുമായതിനാൽ സ്ഥാപനത്തിൽ നിന്നും കുട്ടികൾ ചാടിപ്പോകുന്നതിന് ശ്രമിക്കുന്ന പ്രവണത കൂടുതലാണെന്ന് ജീവനക്കാരിൽ നിന്ന് സമിതി മനസ്സിലാക്കുകയുണ്ടായി. ആയതിനാൽ സ്ഥാപനത്തിലെ ഒന്നാം നിലയിലെ മുറികളിൽ ബാത്ത് റൂം, ടോയ്‌ലെറ്റ് മുതലായവ സ്ഥാപിക്കേണ്ടതും ജനലുകൾ വാതിലുകൾ എന്നിവ ഒന്നുകൂടി ബലപ്പെടുത്തേണ്ടതുമാണെന്നും സമിതി വിലയിരുത്തി. കൂടാതെ, കുട്ടികളുടെ മനഃശാസ്ത്രം, സ്വഭാവം, പെരുമാറ്റം, മുതലായ വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി നിരീക്ഷിച്ചു.

**ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം**

കൊല്ലം പട്ടണത്തിൽ ബീച്ച് റോഡിൽ 90 സെന്റ് സ്ഥലത്ത് ഈ സ്ഥാപനം പ്രവർത്തിക്കുന്നു. 100 കുട്ടികളെ താമസിപ്പിക്കാവുന്ന സ്ഥാപനത്തിൽ നിലവിൽ 73 കുട്ടികളുണ്ട്. ഒന്നാം ക്ലാസ് മുതൽ ബിരുദതലം വരെയുള്ള കുട്ടികൾ അന്തേവാസി കളായുണ്ട്. കുട്ടികൾക്ക് സ്വതന്ത്രമായി സഞ്ചരിക്കുവാനും ഇടപഴകാനുമുള്ള അവസരം നൽകുന്നതിനാൽ സ്ഥാപനത്തിൽ നിന്ന് കടക്കുന്നത് താരതമ്യേന കുറവാണ്. മറ്റ്

ഹോമുകളെ അപേക്ഷിച്ച് കൊല്ലം ചിൽഡ്രൻസ് ഹോം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നതായി സമിതി വിലയിരുത്തി.

കൊല്ലം ജില്ലയിൽ പെൺകുട്ടികൾക്കായി ചിൽഡ്രൻസ് ഹോം ഇല്ല. വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി സംരക്ഷണം ലഭിക്കേണ്ട പെൺകുട്ടികളുടെ എണ്ണം മറ്റ് ജില്ലകളെ അപേക്ഷിച്ച് കൊല്ലം ജില്ലയിൽ വളരെ കൂടുതലാണെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ വരുന്ന പരാതികളുടെ എണ്ണം സൂചിപ്പിക്കുന്നു. കൂടാതെ നിലവിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ വരുന്ന പരാതികളിന്മേൽ പുനരധിവാസവും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള പെൺകുട്ടികളെ കരിക്കോട് പ്രവർത്തിക്കുന്ന മഹിളാമന്ദിരം ഉൾപ്പെടെയുള്ള സ്ഥാപനത്തിലേക്ക് അയയ്ക്കുന്നതിനുള്ള യാത്രാചെലവും മറ്റും ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ നിന്നുമാണ് വഹിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ കൊല്ലം ജില്ലയിൽ പെൺകുട്ടികൾക്കായി ചിൽഡ്രൻസ് ഹോം സ്ഥാപിക്കേണ്ടതും ഒബ്സർവേഷൻ ഹോമിനായി പുതിയ സ്ഥലവും കെട്ടിടവും കണ്ടെത്തേണ്ടതുമാണെന്ന് സമിതി വിലയിരുത്തി.

ഈ സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി 7 കമ്പ്യൂട്ടറുകളെ ങ്കിലുമുള്ള ഒരു കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുന്നതിനും കൂടാതെ ഈ സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ജനറേറ്റര്, ഫാക്സ് മെഷീന്, ഫോട്ടോസ്റ്റാറ്റ് മെഷീന്, ബയോഗ്യാസ് പ്ലാന്റ്, സോളാർ പവർ പ്ലാന്റ്, സ്പോർട്സ് ആന്റ് റിക്രിയേഷൻ സാമഗ്രികൾ എന്നിവ ആവശ്യമാണെന്ന് സമിതി വിലയിരുത്തി.

ഗവൺമെന്റ് ചിൽഡ്രൻസ് ഹോം , ഒബ്സർവേഷൻ ഹോം എന്നിവ ഒരേ വളപ്പിൽ തന്നെയാണ് പ്രവർത്തിക്കുന്നതെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. നിലവിൽ രണ്ട് സ്ഥാപനങ്ങളും ഒരു സൂപ്രണ്ടിന്റെ അധീനതയിലുമാണ്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും കൊല്ലം ചൈൽഡ് വെൽഫെയർ കമ്മിറ്റി നിർദ്ദേശിച്ച് അയയ്ക്കുന്നതുമായ കുട്ടികളേയും നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികളേയും ജുവനൈൽ ജസ്റ്റീസ് ബോർഡ് താൽക്കാലിക സംരക്ഷണത്തിനായി നിർദ്ദേശിച്ച് അയയ്ക്കുന്ന കുട്ടികളേയും ഒരു വളപ്പിനുള്ളിൽ പാർപ്പിക്കുന്നത് ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷന്) ആക്ട്, 2000-ന് വിരുദ്ധമാകയാൽ കൊല്ലം ഗവൺമെന്റ് ഒബ്സർവേഷൻ ഹോം, പ്രസ്തുത കോമ്പൗണ്ടിൽ നിന്നും മാറ്റി സ്ഥാപിക്കുന്നത് ഉചിതമാണെന്ന് സമിതി വിലയിരുത്തി.

സ്ഥാപനത്തിന്റെ ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾക്കായി ഒരു ക്ലാർക്കിന്റെയും ഒരു ഓഫീസ് അറ്റന്റന്റിന്റെയും സേവനം മാത്രമേ ലഭ്യമാകുന്നുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (ഐ. സി. പി. എസ്.പാറ്റേണ്) അനുസരിച്ച് താഴെപ്പറയുന്ന തസ്തികകൾ

കൂടി കൊല്ലം ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിൽ അനുവദിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു :

| *ക്രമ നമ്പർ* | *തസ്തിക* | *ആവശ്യമായ എണ്ണം* |
|---|---|---|
| 1 | കെയർ പ്രൊവൈഡർ (മൾട്ടി ടാസ്ക്) | 2 |
| 2 | കേസ് വർക്കർ | 2 |
| 3 | എഡ്യൂക്കേറ്റർ | 1 |
| 4 | പാരാമെഡിക്കൽ സ്റ്റാഫ് | 1 |
| 5 | പി. റ്റി. ഇൻസ്ട്രക്റ്റര്‍-കം-യോഗ ട്രെയിനർ | 1 (പാർട്ട് ടൈം) |
| 6 | കുക്ക് | 1 |
| 7 | ഹെൽപ്പർ | 2 |
| 8 | ഹൗസ് കീപ്പിംഗ് | 2 |
| 9 | ഗാർഡനർ | 1 (പാർട്ട് ടൈം) |
| 10 | കൗൺസിലർ | 1 |
| 11 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 1 |
| 12 | ക്ലാർക്ക് | 1 |

**ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം**

ബാലനീതി നിയമപ്രകാരം 5 മുതൽ 18 വയസ്സുവരെയുള്ള ശ്രദ്ധയും പരിചരണവും സംരക്ഷണവും ആവശ്യമുള്ള, 50 കുട്ടികളെ താമസിപ്പിക്കുവാൻ അനുവദിക്കപ്പെട്ട സ്ഥാപനമാണ് ഇത്. നിലവിൽ ഇവിടെ 72 അന്തേവാസികളാണുള്ളത്. ഈ സ്ഥാപനത്തിന് നിരവധി പരാധീനതകൾ ഉള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ബാലനീതി നിയമം അനുശാസിക്കുന്ന രീതിയിലുള്ള യാതൊരു സൗകര്യങ്ങളും സ്ഥാപനത്തിൽ ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു.

കുട്ടികൾക്കായി പ്രത്യേക പഠനമുറി, റിക്രിയേഷൻ റൂം, സിക്ക് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവ നിർമ്മിക്കേണ്ടതും 8-ാം ക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ ഏർപ്പെടുത്തുന്നതിനും കൂടാതെ കുട്ടികളുടെ പുസ്തകങ്ങള്, വസ്ത്രം, ബാഗ്

മുതലായവ സൂക്ഷിക്കുന്നതിനായി സ്റ്റീൽ അലമാരകളും ഇരുന്ന് പഠിക്കുന്നതിനായി സ്റ്റഡിഹാളിൽ ആവശ്യമായ മേശ, കസേര എന്നിവയും ഡൈനിംഗ് ഹാളിൽ ബഞ്ച്, ഡസ്ക് എന്നിവയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു.

കുട്ടികൾക്ക് നിയമം അനുശാസിക്കുന്ന രീതിയിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടത്തുന്നതിനും ജീർണ്ണിച്ച ജനാലകളും വാതിലുകളും മാറ്റി സ്ഥാപിക്കുന്നതിനും ഫാന്, ലൈറ്റ് എന്നിവ ആവശ്യാനുസരണം സ്ഥാപിക്കുന്നതിനും വയറിംഗ് കൺസീൽ ചെയ്യുന്നതിനും കേടായ ഹാലജൻ ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി.

സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ അസൗകര്യങ്ങൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി നിരീക്ഷിക്കുന്നു. വിവിധ കാലങ്ങളിൽ വിവിധ ഘട്ടങ്ങളിലായി വ്യത്യസ്ത സ്ഥാപനങ്ങൾ ആരംഭിക്കുകയുണ്ടായി. എന്നാൽ വ്യക്തമായ ആസൂത്രണമില്ലാതെയും തികച്ചും അശാസ്ത്രീയമായും അവയുടെ പ്രവർത്തനം അധഃപതിച്ചപ്പോൾ കാലക്രമേണ കേവലം ചോർന്നൊലിക്കുന്ന കുറെ കെട്ടിടങ്ങളായി മാത്രം പ്രസ്തുത സ്ഥാപനങ്ങൾ അവശേഷിച്ചതായി സമിതി മനസ്സിലാക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായതിനാലും ശിശു സൗഹൃദാന്തരീക്ഷം നിലവിൽ ഇല്ലാത്തതിനാലും കുട്ടികളുമായി സംവദിക്കുന്നതിനുപോലും കഴിയാത്ത സാഹചര്യങ്ങളാണ് പല ഹോമുകളിലും നിലനിൽക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ബാലനീതി സ്ഥാപനങ്ങളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കായി സമിതി താഴെപ്പറയുന്ന ശുപാർശകൾ നൽകുന്നു :

## പൊതു ശുപാർശകൾ

1. 1960-ൽ രൂപം നൽകിയ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർ വിഷൻ ആന്റ് കൺട്രോൾ ആക്ട്) നിയമം, 1989-ലെ കുട്ടികളുടെ അവകാശ ഉടമ്പടി, 2000-ലെ ബാലനീതി (കുട്ടികളുടെ പരിപാലനവും പരിരക്ഷയും) നിയമം എന്നിവയുടെ പശ്ചാത്തലത്തിൽ നിലവിൽ വന്ന 2007-ലെ ജുവനൈൽ ജസ്റ്റീസ് ചട്ടങ്ങൾ (കേന്ദ്രമാതൃകാ ചട്ടം) അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ ബാലനീതി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. <u>സംസ്ഥാനത്ത് ബാലനീതി നിയമം നിലവിലില്ലാത്ത സാഹചര്യത്തിൽ കേന്ദ്രനിയമം അടിസ്ഥാനമാക്കി സംസ്ഥാനത്തും ബാലനീതി നിയമ നിർമ്മാണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ</u>

ചെയ്യുന്നു.

2. ബാലനീതി സ്ഥാപനങ്ങളിൽ നിലവിൽ പ്രൊമോഷൻ വഴിയാണ് സൂപ്രണ്ടുമാരെ നിയമിക്കുന്നത്. പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി ഹോമുകളിൽ എത്തുന്ന കുട്ടികളോട് സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ഇവരിൽ പലർക്കും കഴിയാതെ പോകുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഇത് പരിഹരിക്കുന്നതിനായി ഈ സ്ഥാപനങ്ങളിൽ സൂപ്രണ്ടുമാരുടെ യും കെയർടേക്കർ മാരുടെ യും നിയമനത്തിനും നടത്തുമ്പോൾത്തന്നെ കുട്ടികളുടെ സ്വഭാവം , മന:ശാസ്ത്രം, പെരുമാറ്റം തുടങ്ങിയ വിഷയങ്ങളിൽ ഇവർക്ക് പരിശീലനം നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. ജുവനൈൽ ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും പലവിധ മാനസിക, ശാരീരിക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായവരാകയാൽ ഇവരുടെ ശാരീരിക-മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിരന്തരമായ കൗൺസിലിംഗ് ആവശ്യമാണ്. ആയതിനാൽ എല്ലാ സ്ഥാപനങ്ങളിലും കൗൺസിലർ മാരുടെ സ്ഥിരം സേവനം ഉറപ്പാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. അന്തേവാസികളുടെ ആരോഗ്യപരിപാലനത്തിനും , ശുചിത്വ പരിപാലനം, മാനസിക പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് ചികിത്സ എന്നിവയ്ക്കായി മെഡിക്കൽ ഓഫീസര്, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും അവരിലുള്ള സാഹിത്യ-സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനുമായി എല്ലാ ബാലനീതി സ്ഥാപനങ്ങളിലും ലൈബ്രറി-റീഡിംഗ് റൂം സൗകര്യം ഏർപ്പെടുത്തേണ്ട താണെന്നും ലൈബ്രറികളിൽ വർത്തമാനപത്രങ്ങള്, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്ക് പുറമേ തൊഴിൽ പ്രസിദ്ധീകരണങ്ങളും കുട്ടികളുടെ ബൗദ്ധിക വികാസത്തിനുതകുന്ന തരത്തിലുള്ള പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

6. കുട്ടികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ജനാധിപത്യപരമായ പ്രവർത്തനത്തിലൂടെ അവയ്ക്ക് പരിഹാരം കാണുന്നതിനും 10 കുട്ടികളിൽ കൂടുതൽ അന്തേവാസികളായുള്ള എല്ലാ സ്ഥാപനങ്ങളിലും ബാലസഭകൾ രൂപീകരിക്കേണ്ടതാണെന്നും ഈ ബാലസഭകളുടെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു സോഷ്യൽ വർക്കറെ ചുമതലപ്പെടുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

7. ഇതര സംസ്ഥാനങ്ങളിൽ നിന്നും വഴിതെറ്റി ബസ്സ്റ്റാന്റിലും റെയിൽവേ സ്റ്റേഷനിലും മറ്റും എത്തിപ്പെടുന്ന കുട്ടികള്, ബാലവേല ചെയ്യുന്നവര്, അലഞ്ഞ് തിരിയുന്നവര്, ചില്ലറ മോഷണ ശ്രമങ്ങൾ നടത്തുന്നവര്, ബന്ധുക്കളെ പിരിഞ്ഞ്

ഒറ്റപ്പെട്ടുപോകുന്നവർ എന്നിവരെ കണ്ടെത്തി അതത് സ്ഥലത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ എത്തിക്കുന്നതിനും ഇവർക്ക് സുരക്ഷയും പരിചരണവും നൽകുന്നതിനും കുട്ടികളെ യഥാർത്ഥ രക്ഷാകർത്താക്കൾക്ക് കൈമാറുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി 'Track Child Web Portal' എന്ന സൈറ്റിൽ കുട്ടിയുടെ വിവരം ഫോട്ടോ സഹിതം അപ്‌ലോഡ് ചെയ്ത് ചൈൽഡ് ലൈന്, എന്. ജി. ഒ., മറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം വിശദമായ അന്വേഷണം നടത്തിതി കുട്ടി കളുടെ ജന്മസ്ഥലം സംബന്ധിച്ച വിവരം മനസ്സിലാക്കുന്നതിനുള്ള സൗകര്യം വിപുലപ്പെടു ത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ബാലമന്ദിരങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റുന്നതിൽ അടിസ്ഥാനസൗകര്യ ങ്ങളുടെ പങ്ക് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം പ്രായത്തിനനുസരിച്ച് കുട്ടികളെ മൂന്നായി തിരിച്ച് വ്യത്യസ്തമുറികളിലാണ് താമസിപ്പി ക്കേണ്ടത്. എന്നാൽ മിക്ക ബാല മന്ദിരങ്ങളിലും അശാസ്ത്രീയമായും ആസൂത്രണമില്ലാതെയും നിർമ്മിക്കപ്പെട്ട ഡോർമെട്രികളിലാണ് കുട്ടികളെ താമസിപ്പിക്കുന്നത്. പത്തോ പതിനഞ്ചോ കുട്ടികൾക്ക് മാത്രം താമസിക്കാവുന്ന ഒരു ഡോർമെട്രിയിൽ 25 മുതൽ 30 കുട്ടികളെ വരെ താമസിപ്പിക്കുന്നതായി സമിതി കണ്ടെത്തി. ഈ ഡോർമെട്രികളിൽ തന്നെയും ഒന്നോ രണ്ടോ ടോയ്‌ലെറ്റുകളും ഒരു ബാത്ത് റൂമും മാത്രമാണുള്ളത്. കുട്ടികൾക്ക് കുളിക്കുന്നതിനും വസ്ത്രം അലക്കുന്നതിനുമുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. ആയതിനാൽ ജുവനൈൽ ജസ്റ്റീസ് ആക്ടും ബന്ധപ്പെട്ട നിയമങ്ങളും നിഷ്കർഷിക്കുന്ന ഭൗതിക സാഹചര്യങ്ങളായ കിടപ്പുമുറി, സിക്ക് റൂം, സ്റ്റഡിറൂം, വർക്ക് ഷോപ്പ്, റിക്രിയേഷൻ റൂം, കളിസ്ഥലം , ടോയ്‌ലെറ്റ്, ബാത്ത് റൂം, വസ്ത്രം അലക്കുന്നതിനുള്ള സൗകര്യം എന്നിവയും കൂടാതെ വസ്ത്രവും ഭക്ഷണവും എല്ലാ ബാലമന്ദിരങ്ങളിലും ഉറപ്പാക്കേണ്ടതും അവിടങ്ങളിൽ ശിശുസൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാ ണെന്നും സമിതി ശുപാർശ ചെയ്യുന്നു.

9. ജുവനൈൽ ജസ്റ്റീസ് ബോർഡിൽ ഏകദേശം 400 കേസുകൾ ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിനായി മാത്രം സമർപ്പിക്കപ്പെട്ടിട്ടുള്ളതായും 200 കേസുകൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ തീർപ്പാക്കാ തെ കിടക്കുന്നതായും സമിതി മനസ്സിലാക്കുന്നു. കുട്ടികൾ പ്രതികളായ ധാരാളം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റീസ് ആക്ട് നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ കേസുകൾ തീർപ്പാക്കുന്നതിനായി ബോർഡിൽ പ്രിൻസിപ്പൽ മജിസ്ട്രേറ്റായി പ്രവർത്തിക്കുന്ന ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ മുഴുവൻ സമയ സേവനം എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തണമെന്നും കുറഞ്ഞപക്ഷം 5 കോർപ്പറേഷൻ പരിധിയിലുള്ള ജുവനൈൽ ജസ്റ്റീസ് ബോർഡിലെങ്കിലും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ മുഴുവൻ സമയ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. പ്രിൻസിപ്പൽ മജിസ്ട്രേറ്റിനും ജുവനൈൽ ജ സ്റ്റീസ് ബോർഡ് അംഗങ്ങൾക്കും ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രത്യേക മുറികൾ അനുവദിക്കേണ്ടതും ബോർഡ്

യോഗം ചേരുന്നതിനായി ആവശ്യമായ സംവിധാനങ്ങളോടുകൂടിയ സമ്മേളനഹാൾ സജ്ജമാക്കേണ്ടതും കൂടാതെ വിചാരണയ്ക്കായി ബോർഡിന് മുമ്പാകെ എത്തുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി വിശ്രമമുറി അനുവദിക്കേണ്ടതുമാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. ബോർഡിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി മുഴുവൻ സമയ പ്രൊബേഷൻ ഓഫീസർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. ഇവർ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സാമൂഹ്യ ചുറ്റുപാടുകളെക്കുറിച്ച് അന്വേഷണം നടത്തി കാലവിളംബം കൂടാതെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ ഒരു കുട്ടിയെ ജുവനൈൽ ജസ്റ്റീസ് ബോർഡിന് മുമ്പാകെ ഹാജരാക്കുമ്പോൾ കുട്ടിക്കെതിരെയുള്ള കുറ്റപത്രം സംബന്ധിച്ച് കുട്ടിയിൽ നിന്ന് തന്നെ ആയിരിക്കണം ആദ്യമായി വിവരം ശേഖരിക്കേണ്ടത്. ആയതിനാൽ ബോർഡിൽ സ്ഥിരമായി പ്രൊബേഷൻ ഓഫീസറുടെ സേവനം ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളോടുള്ള ലീഗൽ കൗൺസിലർമാരുടെ മനോഭാവത്തിലും സമീപനത്തിലും മാറ്റം വരേണ്ടത് അനിവാര്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനായി കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് ജുവനൈൽ ജസ്റ്റീസ് ബോർഡിന്റെ ദർശനം, ലക്ഷ്യം, കർത്തവ്യം, പ്രവർത്തനം എന്നിവയെക്കുറിച്ച് ശരിയായ ബോധവൽക്കരണ പരിശീലന പരിപാടികൾ ലീഗൽ കൗൺസിലേഴ്സിനായി സംഘടിപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. ഈ യൂണിറ്റുകളെ സ്വതന്ത്ര ചുമതലയുള്ള ഒരു പോലീസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതും യൂണിറ്റിന് കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കായി ശിശുമനഃശാസ്ത്രം, ശിശുബോധനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനവും കൂടാതെ ഇതുമായി ബന്ധപ്പെടുന്ന മാധ്യമപ്രവർത്തകർക്കും സാമൂഹ്യ പ്രവർത്തകർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണവും നൽകേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. ജുവനൈൽ ഹോമുകളിലെ അന്തേവാസികളായ കുട്ടികളെക്കൂടി സ്റ്റുഡന്റ് പോലീസ് സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം ഒരു കുട്ടി ഹോമിൽ എത്തിക്കഴിഞ്ഞാൽ Individual Care Plan തയ്യാറാക്കി വേണം പുനരധിവസിപ്പിക്കുവാൻ. ശാസ്ത്രീയമായും പ്രൊഫഷണലായും Individual Care Plan തയ്യാറാക്കുന്നതിന് പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ ഹോമുകളിലില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓരോ കുട്ടിക്കും പ്രത്യേകം പ്രത്യേകം കെയർ പ്ലാൻ തയ്യാറാക്കുന്നതിനും പുരോഗതി

വിലയിരുത്തുന്നതിനും പ്രാഗല്ഭ്യമുള്ള ഉദ്യോഗസ്ഥരെ എല്ലാ ഹോമുകളിലും നിയമിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ബാലമന്ദിരങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികൾക്ക് പഠനത്തിലൂടെയോ തൊഴിൽ പരിശീലനത്തിലൂടെയോ മാത്രമേ മുന്നേറാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ മേഖലകളിലും തൊഴിൽ മേഖലകളിലും ബാലമന്ദിരങ്ങളിൽ നിന്നുള്ള അർഹരായ കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ബാലമന്ദിരങ്ങളിലെ അന്തേവാസികൾക്ക് പ്ലംബിംഗ്, ഗാർഡനിംഗ്, അഗ്രിക്കൾച്ചര്, ഫുഡ് പ്രൊഡക്ഷൻ തുടങ്ങി വളരെ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച ട്രേഡുകളിൽ മാത്രമാണ് പരിശീലനം നൽകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുട്ടികൾക്ക് കാലാനുസൃതമായി പ്രയോജനപ്രദമായ ഡി. ടി. പി. കോഴ്സ്, മൊബൈൽ ഫോണ്-കമ്പ്യൂട്ടർ റിപ്പയറിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ പോലുള്ള അംഗീകൃത ട്രേഡുകളും ആധുനിക തൊഴിൽ പരിശീലന പദ്ധതികളും സ്ഥാപനങ്ങളിൽ ആരംഭിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. മിക്കവാറും എല്ലാ ജുവനൈൽ ഹോമുകളോടുകൂടും ചേർന്ന് കൃഷിക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകയാൽ കുട്ടികളിൽ കാർഷികാഭിരുചി വളർത്തുവാനുതകുന്ന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. കുട്ടികളുമായി ബന്ധപ്പെടുന്ന പോലീസ്, റെയിൽവേ പോലീസ്, ചൈൽഡ് ലൈൻ പ്രവർത്തകര്, ശിശുക്ഷേമ സമിതി, ഓർഫനേജ് അടക്കമുള്ള സ്ഥാപനങ്ങള്, എന്. ജി. ഒ. കൾ എന്നീ സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നവർക്കും പൊതുപ്രവർത്തകർക്കും ശിശു അവകാശങ്ങള്, ജെ.ജെ. ആക്ട് എന്നിവയിൽ പരിശീലനം നൽകുന്നതിനും ഇവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങള്, പഠനവൈകല്യങ്ങൾ മാനസിക പ്രശ്നങ്ങൾ എന്നിവ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം എല്ലാ സ്ഥാപനങ്ങളിലും ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. ബാലമന്ദിരങ്ങളിൽ നിന്നും വിടുതൽ ചെയ്യപ്പെടുന്നവർക്ക് സ്വന്തമായി ഭൂമിയും വീടും സമ്പാദിക്കുക എന്നത് അസാദ്ധ്യമായതിനാൽ മിച്ച ഭൂമി, പുറമ്പോക്ക് ഭൂമി

എന്നിവയുടെ വിതരണത്തിലും ഭവനരഹിതർക്കുള്ള പദ്ധതികളിലും ഇത്തരക്കാർക്ക് മുൻഗണന നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. ബാലവേല, ബാലഭിക്ഷാടനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തുന്നതിനും അത്തരം കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം അത്തരം കുട്ടികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി കുടുംബാംഗങ്ങളെ കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുമായി സഹകരിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. ജുവനൈൽ ജസ്റ്റീസ് ആക്ടിൽ കുട്ടികളെ സ്ഥാപനങ്ങളിൽ നിന്നും ഒഴിവാക്കി വീടുകളിൽ നിർത്തി പഠിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇത് ഫോസ്റ്റർ കെയർ പോളിസി എന്നറിയപ്പെടുന്നു. നിലവിൽ സംസ്ഥാനത്ത് അഡോപ്ഷന് വേണ്ടിയുള്ള മുന്നുപാധി എന്ന നിലയിലാണ് ഫോസ്റ്റർ കെയർ പോളിസി ആവിഷ്കരിച്ച് വരുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരമുള്ള ഫോസ്റ്റർ കെയർ പോളിസി എത്രയും വേഗം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. സംസ്ഥാന വിദ്യാഭ്യാസ കരിക്കുലത്തിൽ ശിശു അവകാശങ്ങളും ശിശുക്ഷേമ പ്രവർത്തനങ്ങളും ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. കുട്ടികളുടെ കലാകായിക, സാഹിത്യ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കലാസാംസ്കാരിക പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക സാംസ്കാരിക സംഘടനകൾ നടത്തുന്ന പരിപാടികളിൽ പങ്കെടുപ്പിക്കുക കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി ഇൻഡോർ / ഔട്ട് ഡോർ ഗെയിമുകളായ ചെസ്, കാരംസ്, ഷട്ടിൽ ബാറ്റ്മിന്റന്, സ്കിപ്പിംഗ് തുടങ്ങിയ കായികവിനോദങ്ങൾക്ക് സൗകര്യം ഒരുക്കുക കൂടാതെ ധാർമ്മിക അവബോധ ക്ലാസുകൾ സംഘടിപ്പിക്കുക എന്നിവയ്ക്കായി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. ക്കുട്ടികളുടെ സുരക്ഷയെക്കുറിച്ച് പരാതി ലഭിച്ചു കഴിഞ്ഞാൽ അന്വേഷണം നടത്തുന്നതിന്ന് വാഹന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുട്ടികളുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുമ്പോൾ ഉടനടി അന്വേഷണം നടത്തുന്നതിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ വാഹനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

940/2017 27. അഞ്ച് വയസ്സ് മുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾ ഓരോ സ്ഥാപനത്തിലും താമസിച്ച് വരുന്നു. ഇവരിൽത്തന്നെ ബി. ടെക്., പോളിടെക്നിക് തുടങ്ങി വിവിധ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുണ്ട്. ഒരു കുട്ടിക്ക് ആഹാരം, വസ്ത്രം, മരുന്ന് എന്നിവയ്ക്കായി പ്രതിമാസം നൽകിവരുന്ന 750 രൂപ ഇന്നത്തെ സാഹചര്യത്തിൽ തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ തുക പ്രതിമാസം കുറഞ്ഞത് 2,000 രൂപയെങ്കിലുമാക്കി

വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷന്) ആക്ട്, 2000, റൂൾ 2007 എന്നിവ അനുശാസിക്കുന്ന പ്രകാരം ചിൽഡ്രൻസ് കമ്മിറ്റി, മാനേജ്മെന്റ് കമ്മിറ്റി, സുഹൃത് സമിതി എന്നിവ രൂപീകരിക്കേണ്ടതും ചിൽഡ്രൻസ് സജഷൻ ബോക്സ്, സജഷൻ ബുക്ക് എന്നിവ എല്ലാ സ്ഥാപനങ്ങളിലും സ്ഥാപിക്കേണ്ടതുമാണെന്നും ആക്ടും റൂളും അനുസരിച്ച് കമ്മിറ്റികൾ യഥാസമയം ചേരേണ്ടതും ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും ആയത് ബാലസഭ, മാനേജുമെന്റ് കമ്മിറ്റി തുടങ്ങിയവയിൽ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കേണ്ടതുമാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

29. അനഭിലഷണീയമായ പ്രവൃത്തികളിൽ ഏർപ്പെടുന്ന അന്തേവാസികളായ കുട്ടി കളെ പ്രത്യേകം നിരീക്ഷിക്കുവാനും അവർക്ക് ആവശ്യമായ കൗൺസിലിംഗും തുടർ ചികിത്സയും ഫലപ്രദമായി ലഭ്യമാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. പല ജില്ലകളിലും പെൺകുട്ടികൾക്കായി ചിൽഡ്രൻസ് ഹോം നിലവിലില്ല. വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി സംരക്ഷണം ലഭിക്കേണ്ട പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സമിതി നിരീക്ഷിക്കുന്നു. പുനരധിവാസവും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള പെൺകുട്ടികളെ പാർപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി നിലവിൽ പെൺകുട്ടികൾക്കായി ബാലമന്ദിരങ്ങൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. ബാലനീതി സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ മാനസിക ശാരീരിക വളർച്ച അനുസരിച്ച് അവരുടെ പ്രവൃത്തികൾ മറ്റ് കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും ഹാനികരമാകുന്ന അവസരത്തിൽ മറ്റ് കുട്ടികളുടെ സുരക്ഷയെ കരുതി പ്ലേയ്സ് ഓഫ് സേഫ്റ്റിയിലേക്ക് മാറ്റിപാർപ്പിക്കുന്നു. ഇപ്രകാരം മാറ്റിപാർപ്പിക്കുന്ന കുട്ടികളുടെ മാനസിക വികസനത്തിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും ജുവനൈൽ ജസ്റ്റീസ് ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

32. സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയിൽ മാത്രമാണ് പ്ലേയ്സ് ഓഫ് സേഫ്റ്റി സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ തിരുവനന്തപുരം കേന്ദ്രമാക്കി ഒരു പ്ലേയ്സ് ഓഫ് സേഫ്റ്റി കൂടി സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കേസ്

വർക്കറുടെ സേവനം ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ കേസ് വർക്കർമാരുടെ സേവനം ലഭ്യമല്ലാത്ത സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തിക അനുവദിച്ച് സേവനം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും ചൈൽഡ് വെൽഫെയർ കമ്മിറ്റി നിർദ്ദേശിച്ചയയ്ക്കുന്നതുമായ കുട്ടികളെയും നിയമവുമായി പൊരുത്തപ്പെടാതെ സംഘർഷങ്ങളിലും മറ്റും ഏർപ്പെടുന്ന കുട്ടികളെയും ജുവനൈൽ ജസ്റ്റീസ് ബോർഡ് താൽക്കാലിക സംരക്ഷണത്തിനായി നിർദ്ദേശിച്ച് അയയ്ക്കുന്ന കുട്ടികളെയും ഒരേ സ്ഥാപനത്തിൽ താമസിപ്പിക്കുന്നത് ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷന്) ആക്ട്-2000-ന് വിരുദ്ധമാകയാൽ നിയമവുമായി പൊരുത്തപ്പെടാത്തവരും വ്യത്യസ്ഥ സാമൂഹിക ചുറ്റുപാടുകളിൽ നിന്നും വരുന്നവരും വിവിധ കുറ്റവാസനകൾ ഉള്ളവരുമായ കുട്ടികൾക്കായി പ്രത്യേകം പ്രത്യേകം താമസസൗകര്യം ഏർപ്പെടുത്തേണ്ടതും അവർക്ക് കൂടുതൽ ശ്രദ്ധയും സുരക്ഷിതത്വവും ഉറപ്പാക്കേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പൊതുശുപാർശകൾ കൂടാതെ സമിതി സന്ദർശനം നടത്തിയ കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലെയും റിപ്പോർട്ട് ലഭ്യമാക്കിയ തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെയും ബാലമന്ദിരങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള സമിതിയുടെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. **ചിൽഡ്രൻസ് ഹോം (ഗേൾസ്) വെള്ളിമാട്കുന്ന് , കോഴിക്കോട്**

1. സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും മാനസിക, ശാരീരിക, ലൈംഗിക പീഡനങ്ങൾക്ക് ഇരയായവരാകയാൽ കുട്ടികൾക്ക് ശാരീരികവും മാനസികവുമായ സാന്ത്വനം നൽകുന്നതിനായി നിരന്തര ആരോഗ്യ പരിശോധനയും കൗൺസിലിംഗും നടത്തുന്നതിന് ഒരു മെഡിക്കൽ ഓഫീസറുടേയും കൗൺസിലറുടേയും സ്ഥിരം സേവനം ഉറപ്പുവരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. സ്ഥാപനത്തിന്റെ മേൽനോട്ടത്തിനായി ഒരു ഡെപ്യൂട്ടി സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. നൂറ്റി അമ്പതിൽപരം കുട്ടികളുള്ള ഈ സ്ഥാപനത്തിൽ കുട്ടികൾക്കാവശ്യമായ ഭക്ഷണം തയ്യാറാക്കിനൽകുന്നതിന് നിലവിൽ രണ്ട് പാചകക്കാരുടെ സേവനം മാത്രമാണുള്ളത്. ഇവരുടെ ജോലിഭാരം കണക്കിലെടുത്ത് പാചകക്കാരുടെ രണ്ട് അധിക തസ്തിക കൂടി അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. ശുചിത്വ പരിപാലനത്തിന് നിലവിൽ രണ്ട് സ്കാവഞ്ചർമാരാണുള്ളത്. ഇവരുടെ ജോലിഭാരം കണക്കിലെടുത്ത് സ്കാവഞ്ചർമാരുടെ രണ്ട് അധിക തസ്തിക കൂടി അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. അന്യസംസ്ഥാനക്കാരായ കുട്ടികളുമായി ആശയവിനിമയം സുഗമമാക്കുന്നതിനായി ഹിന്ദിഭാഷയിൽ പ്രാവീണ്യമുള്ള ഒരു പരിഭാഷകന്റെയും കുട്ടികളുടെ കായികമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഒരു കായിക പരിശീലകന്റെയും സേവനം അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന അന്യസംസ്ഥാനക്കാരായ കുട്ടികളെ അവരുടെ സ്വദേശത്തേക്ക് മടക്കി അയയ്ക്കുന്നതിന് എസ്കോർട്ടിനായി വനിതാപോലീസിന്റെ സേവനം ആവശ്യമാണ്. നിലവിൽ സ്ഥാപനത്തിന്റെ ആവശ്യകതയനുസരിച്ച് യഥാസമയം വനിതാപോലീസിന്റെ സേവനം ലഭിക്കുന്നില്ല. ആയതിനാൽ കുട്ടികളെ സ്വദേശത്തേക്ക് മടക്കി അയയ്ക്കുന്ന സന്ദർഭങ്ങളിൽ ഒരു വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. 18 വയസുവരെയുള്ള പെൺകുട്ടികൾ താമസിക്കുന്ന സ്ഥാപനമെന്ന നിലയിൽ അന്തേവാസികളുടെ എല്ലാവിധ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പുറമെനിന്നുള്ള സാമൂഹ്യവിരുദ്ധരുടെ ഉപദ്രവങ്ങൾ ഒഴിവാക്കുന്നതിനുമായി കോമ്പൗണ്ടിനകത്തുള്ള വിളക്കുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ഹോമിലെ കുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന സി. എസ്. യു. പി. സ്കൂൾ എയ്ഡഡ് സ്കൂളാണ്. ഈ സ്കൂൾ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കേണ്ടതും ഈ സ്കൂളിനെ ഹൈസ്കൂളാക്കിമാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാ ണെന്നും കൂടാതെ, ശിശു അവകാശബോധവും താൽപ്പര്യവുമുള്ള അദ്ധ്യാപകരെ കണ്ടെത്തി നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാ ണെന്നും സമിതി ശുപാർശ ചെയ്യുന്നു.

2. **ഗവൺമെന്റ് ചിൽഡ്രൻസ് ഹോം (ബോയ്സ്) വെള്ളിമാട്കുന്ന് ,കോഴിക്കോട്**

1. ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് വൃദ്ധമന്ദിരത്തിനുവേണ്ടി നിർമ്മിച്ച ഒരു കെട്ടിടത്തിലാണ്. ജുവനൈൽ ജസ്റ്റീസ് ആക്ട് വിഭാവനം ചെയ്യുന്ന സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല. നിലവിൽ രണ്ട് ഡോർമെട്രികൾ മാത്രമാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. ആയതിനാൽ ഇവിടെ വെർട്ടിക്കൽ എക്സ്പാൻഷൻ നടത്തി ലൈബ്രറി, കൗൺസിലിംഗ് റൂം, മെഡിക്കൽ ചെക്ക് അപ് റൂം, ഐസൊലേഷൻ റൂം, കുട്ടികളുടെ വസ്ത്രം ഉണക്കുന്ന തിനുള്ള ഹാൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ജുവനൈൽ ജ സ്റ്റീസ് ആക്ട് അനുശാസിക്കുന്ന പ്രകാരം കുട്ടികളെ പ്രായത്തിനനുസരിച്ച് മൂന്നായി തിരിച്ച് വ്യത്യസ്ത മുറികളിൽ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

2. സ്ഥാപനത്തിലെ അന്തേവാസികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സമുച്ചയത്തിലെ ചുറ്റുമതിലിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കു ന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. സമുച്ചയത്തിലെ വിളക്കുകൾ പ്രകാശിക്കാത്തതുമൂലം രാത്രികാലങ്ങളിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. സ്ഥാപനത്തിന് മാത്രമായി ഒരു പ്രൊബേഷൻ ഓഫീസറുടെ (കേസ് വർക്കര്) തസ്തിക അനുവദിച്ച് നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. സമുച്ചയത്തിന്റെ പൂർണ്ണമായ ചുമതല വഹിക്കുന്നതിന് ഒരു എസ്റ്റേറ്റ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്നും അടിയന്തര ഘട്ടങ്ങളിൽ ഒരു വാഹനം വാടകയ്ക്കോ സ്ഥിരമായോ ഏർപ്പെടുത്തുന്നതിനുള്ള അധികാരം എസ്റ്റേറ്റ് ഓഫീസറിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

3. **ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കാക്കനാട്, എറണാകുളം**

ഈ സ്ഥാപനത്തിനായി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതിനാൽ ഭരണപരമായ തടസ്സങ്ങൾ ഒഴിവാക്കി എത്രയും പെട്ടെന്ന് കെട്ടിടത്തിന്റെ പണി ആരംഭിക്കേണ്ടതാണെന്നും കുട്ടികൾക്ക് ടോയ്‌ലെറ്റ്, ബാത്ത്റൂം, വസ്ത്രം അലക്കുന്നതിനുള്ള സൗകര്യം എന്നിവ നിർമ്മിക്കുന്നതിനും, കട്ടില്, കിടക്ക, അലമാര എന്നിവ ലഭ്യമാക്കുന്നതിനും ജലദൗർലഭ്യം പരിഹരിക്കുന്നതിനും പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നത് വരെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പുതിയ കുട്ടികളെ പ്രവേശിപ്പിക്കുന്നത് ഒഴിവാക്കി സുരക്ഷിതമായ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

4. **ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം**

1. വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി സംരക്ഷണം ലഭിക്കേണ്ട പെൺകുട്ടികളുടെ എണ്ണം മറ്റ് ജില്ലകളെ അപേക്ഷിച്ച് കൊല്ലം ജില്ലയിൽ കൂടുതലായതിനാൽ പെൺകുട്ടികൾക്കായി ചിൽഡ്രൻസ് ഹോം സ്ഥാപിക്കേണ്ടതും ഒബ്സർവേഷൻ ഹോമിനായി പ്രത്യേക സ്ഥലവും കെട്ടിടവും കണ്ടെത്തേണ്ടതുമാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

2. സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി '7'കമ്പ്യൂട്ടറുകളെങ്കിലും ഉള്ള ഒരു കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കേണ്ട താണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. സ്ഥാപനത്തിന്റെ ഉപയോഗത്തിനായി ഒരു ജനറേറ്റര്, ഫാക്സ് മെഷീന്, ഫോട്ടോസ്റ്റാറ്റ് മെഷീന്, ബയോഗ്യാസ് പ്ലാന്റ്, സോളാർ പവർ പ്ലാന്റ്, സ്പോർട്സ് ആന്റ് റിക്രിയേഷൻ സാമഗ്രികൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന്

സമിതി ശുപാർശ ചെയ്യുന്നു.

4. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഐ. സി. പി. എസ്. പാറ്റേൺ അനുസരിച്ച് താഴെപ്പറയുന്ന തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

| | | | |
|---|---|---|---|
| 1. | കെയർ പ്രൊവൈഡർ (മൾട്ടി ടാസ്ക്) | .. | 2 |
| 2. | കേസ് വർക്കർ | .. | 2 |
| 3. | എഡ്യൂക്കേറ്റർ | .. | 1 |
| 4. | പാരാമെഡിക്കൽ സ്റ്റാഫ് | .. | 1 |
| 5. | പി. റ്റി. ഇൻസ്ട്രക്ടര്-കം-യോഗ ട്രെയിനർ | .. | 1 (പാർട്ട് ടൈം) |
| 6. | കുക്ക് | .. | 1 |
| 7. | ഹെൽപ്പർ | .. | 2 |
| 8. | ഹൗസ് കീപ്പിംഗ് സ്റ്റാഫ് | .. | 2 |
| 9. | ഗാർഡനർ (പാർട്ട് ടൈം) | .. | 1 |
| 10. | കൗൺസിലർ | .. | 1 |
| 11. | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | .. | 1 |
| 12. | ക്ലാർക്ക് | .. | 1 |

5. **ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം**

1. കുട്ടികൾക്ക് നിയമം അനുശാസിക്കുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടതും ജീർണിച്ച ജനലുകളും വാതിലുകളും മാറ്റിസ്ഥാപിക്കുന്നതിനും ഫാന്, ലൈറ്റ് എന്നിവ ആവശ്യാനുസരണം സ്ഥാപിക്കുന്നതിനും വയറിംഗ് കൺസീൽ ചെയ്യുന്നതിനും കേടായ ഹാലജൻ ലൈറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. കുട്ടികളുടെ പുസ്തകങ്ങള്, വസ്ത്രം, ബാഗ് മുതലായവ സൂക്ഷിക്കുന്നതിനായി അലമാര, പഠിക്കുന്നതിനായി മേശ, കസേര ഡൈനിംഗ് ഹാളിൽ ബഞ്ച്, ഡസ്ക്ക് എന്നിവ

അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. കുട്ടികൾക്കായി പ്രത്യേകം പഠനമുറി, റിക്രിയേഷൻ റൂം, സിക്ക് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവ നിർമ്മിക്കുന്നതിനും 8-ാം ക്ലാസു മുതൽ 12-ാം ക്ലാസു വരെയുള്ള കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. തലസ്ഥാന ജില്ലയിലെ ഈ സ്ഥാപനത്തെ ഒരു മാതൃകാ സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സമൂഹത്തിൽ അനാഥരും നിരാലംബരും രക്ഷിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികള്, രക്ഷകർത്താക്കൾക്ക് പഠിപ്പിക്കുവാനോ സംരക്ഷിക്കുവാനോ കഴിവില്ലാത്ത അവസ്ഥയിൽപ്പെടുന്ന കുട്ടികള്, വിവിധ തരത്തിലുള്ള ചൂഷണത്തിന് ഇരയായ കുട്ടികൾ തുടങ്ങിയവരെ സ്ഥാപനത്തിൽ പ്രവേശിപ്പിച്ച് Individual Care Plan തയ്യാറാക്കി തുടർപരിചരണവും ശ്രദ്ധയും ആവശ്യമെങ്കിൽ കൗൺസിലിംഗും ബോധവൽക്കരണവും നൽകി തൊഴിൽ പരിശീലനം-കായികകലാ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അവസരം നൽകി, കുട്ടികളെ ഉത്തമപൗരന്മാരാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതായിരിക്കണം ഈ സ്ഥാപനങ്ങളുടെ ലക്ഷ്യം.

മിക്ക ബാലമന്ദിരങ്ങളിലും ആവശ്യത്തിനുള്ള ജീവനക്കാരുടെ അഭാവം സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ എല്ലാ ബാലനീതി സ്ഥാപനങ്ങളിലും ബാലനീതിനിയമം അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുമെന്ന് സമിതി പ്രത്യാശിക്കുന്നു.

കോഴിക്കോട് ജില്ലയിലെ വെള്ളിമാട് കുന്നിലെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്യാമ്പസിനെ ഒരു ജെൻഡർ പാർക്കാക്കി ഉയർത്തുന്നതിനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ജെൻഡർ പാർക്കിന്റെ ഭാഗമായി ഹോമുകൾ എല്ലാംതന്നെ ഒരു ഏകീകൃത മാതൃകയിൽ വരുന്നതും കുട്ടികളുടെ കായിക വിനോദങ്ങൾക്കുള്ള സൗകര്യം ലൈബ്രറി, കൺവെൻഷൻ സെന്റർ, കോട്ടേജുകൾ തുടങ്ങി നിരവധി സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ബൃഹത് പദ്ധതി നടപ്പാക്കുന്നതോടെ ഈ സ്ഥാപനത്തെ ഏഷ്യയിലെതന്നെ ഏറ്റവും മികച്ച സ്ഥാപനമാക്കി മാറ്റാൻ കഴിയുമെന്നും സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2014 ജൂലൈ 1.

ഡോ. എം. കെ. മുനീർ ,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി XIII.*